വോള്യം – 06 ലക്കം – 120 നവംബർ 2023 മലയാളം – ഇംഗ്ലീഷ്

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA


FILCA FILM SOCIETY, STATE CENTRAL LIBRARY, CHALACHITHRA AKADEMY, BEAM FILM SOCIETY
SPARC FILM SOCIETY ( ISRO), CET FILM SOCIETY ( COLLEGE OF ENGINEERING TRIVANDRUM )

## MADHU FILM Fest

18.NOV. SATURDAY 2023











## മലയാളസിനിമയിലെ മധുരിമ



കേരള സർക്കാർ
കേരള
സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
സൗഭാഗ്യം
ഇപ്പോൾ
എല്ലാ ദിവസവും
ഞായർ
അക്ഷയ
ഒന്നാം സമ്മാനം
₹70 ലക്ഷം
തിങ്കൾ
വിൻവിൻ
ഒന്നാം സമ്മാനം
₹75 ലക്ഷം
ചൊവ്വ
സ്ത്രീശക്തി
ഒന്നാം സമ്മാനം
₹75 ലക്ഷം
ബുധൻ
ഫിഫ്റ്റി-ഫിഫ്റ്റി
ഒന്നാം സമ്മാനം
₹1 കോടി
ടിക്കറ്റ് വില ₹50
വ്യാഴം
കാരുണ്യപ്ലസ്
ഒന്നാം സമ്മാനം
₹80 ലക്ഷം
വെള്ളി
നിർമൽ
ഒന്നാം സമ്മാനം
₹70 ലക്ഷം
ശനി
കാരുണ്യ
ഒന്നാം സമ്മാനം
₹80 ലക്ഷം
ടിക്കറ്റ് വില
₹40
മാത്രം
കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം...സുതാര്യം...ജനകീയം

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

# FILM VISION
## Digital Film Magazine - November 2023 Edition

## WHATS INSIDE ?

**1. ഏഴുസ്വരങ്ങൾകൊണ്ടുള്ള മാന്ത്രിക പ്രപഞ്ചം (വാർത്ത)**
ഡോ. ഭാവന രാധാകൃഷ്ണൻ



**2. വിശ്വകലാ പ്രതിഭകളുടേത് സങ്കീർണ്ണ ജീവിതം (വാർത്ത)**
സാം ആന്റണി ( ഫിൽക്ക ഫിലിം സൊസൈറ്റി )



**3. മധു : സർവ്വവ്യാപിയായ ചലച്ചിത്ര സാന്നിധ്യം**
വിജയകൃഷ്ണൻ



**4. മധു : മലയാളസിനിമയുടെ വഴിത്തിരിവുകളിലെ നക്ഷത്രം**
സാബു ശങ്കർ ( ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി )



**5. അഭ്രപാളികളിലെ മധുരം**
പുഷ്പൻ ദിവാകരൻ
( SICA- ഡോക്യുമെന്ററി സംവിധായകൻ, ക്യാമറാമാൻ )



**6. എ. വിൻസെന്റ്, ഭാർഗവി നിലയം**
ബീന മാത്യു ( ഫിൽക്ക ഫിലിം സൊസൈറ്റി )



**7. രാമു കാര്യാട്ട്, ചെമ്മീൻ**
അർപ്പണ ( ഫിൽക്ക ഫിലിം സൊസൈറ്റി )



**8. അടൂർ ഗോപാലകൃഷ്ണൻ, സ്വയംവരം**
സുരേഷ്കുമാർ. സി. ( ബീം ഫിലിം സൊസൈറ്റി )



**9. ചെമ്മീനിലെ സംഗീതം, സലിൽ ചൗധുരി**
വിനോദ്കുമാർ. പി. ( ഫിൽക്ക ഫിലിം സൊസൈറ്റി )



**10. ഭാർഗവി നിലയത്തിലെ അവിസ്മരണീയ സംഗീതവും ഗാനങ്ങളും**
ജ്യോതിഷ്കുമാർ. പി. എസ്. ( ഫിൽക്ക ഫിലിം സൊസൈറ്റി )



**11. മധുമധുര സല്ലാപം ഫിലിം സൊസൈറ്റിയുമായി : അഭിമുഖം**
ഫിൽക്ക & സ്പാർക്ക് ഫിലിം സൊസൈറ്റി



ഫിലിം വിഷൻ

www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

# PROGRAM

18TH SATURDAY NOVEMBER 2023

## PROGRAM

18 TH SATURDAY NOVEMBER 2023

9 AM COUPON DISTRIBUTION

10.30 AM INAUGURATION



**Inauguration**

**K. V. Abdul Malik, Managing Director, KSFDC.**

( Speech on C - Space OTT Platform of KSFDC )



**C. Ajoy, Secretary**

Kerala State Chalachithra Academy

( Speech on IFFK-2023 )



**Vijayakrishnan**

( Speech on Madhu )



**Sabu Sankar**

(Novelist, Film Author, Chief correspondent, Nerkazhcha weekly, USA)



**P. K. Shobhana**

( State Librarian )



**Dr. B. Radhakrishnan**

(FILCA Film Society)



**Arpanaa**

(Actress)

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

# FILM FEST - മലയാള സിനിമയിലെ മധുരിമ

**18 NOVEMBER 2023 SATURDAY**

**STATE CENTRAL LIBRARY A/C HALL**

SCREENING

## Screening Schedule

9:30 AM **Abhrapalikalile Madhuram**
60 Mins / Malayalam/2023



Dir. Pushpan Divakaran

10:30 AM **Inauguration & Film**

**Swayamvaram**
131 Mins / Malayalam/ 1972



Dir. Adoor Gopalakrishnan

01.26 PM **Lunch break**

02:10 PM **Chemmeen**
140 Mins / Malayalam/ 1966




Dir. Ramu Karyattu

04:45 PM **Bhargaveenilayam**
162 Mins/ Malayalam/ 1964



Dir. A. Vincent



MADHU FILM Fest


CAST A LINE.
CATCH A SMILE.
Hang out in the idyllic backwaters of God's Own Country. Reconnect with absolute joy and peace. And rediscover that magical sense of togetherness.
kerala
God's Own Country
keralatourism.org
Come Together in Kerala
WhatsApp 'Maya' and explore Kerala

www.ksfe.com




കെ എസ് എഫ് ഇ
ഗോൾഡ് ലോൺ


ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...


കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com




Kim Ki Duk: Love in the time of Camera (Dr. Shooba K.S.) is published by Amazon E-book and Paper Back edition from USA. Published by Atma Books from Kerala.

Kim Ki Duk
Love in the time of Camera.
Dr.Shooba KS
Translater: Priyanka Aravind
Price 160
For Copies
+918848663483
+919496105082

Profound studies discussing the themes of Culture, Nationalism, Citizenship, Love, Violence, Silence, Women, Environment, Budhism, Capitalism, Dalit Life, Tourism, Organic Agriculture, Cyberspace by analyzing five visual paintings in Kim Ki Duk's films. These works explore the symbolic possibilities and narrative properties of love, colour, violence, silence, camera, painting etc.

ഫിലിം വിഷൻ
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

# ഏഴു സ്വരങ്ങൾകൊണ്ടുള്ള മാന്ത്രിക പ്രപഞ്ചം - ഡോ. ഭാവന രാധാകൃഷ്ണൻ

**പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന സംഗീതം കാറ്റിന്റെ രവത്തിലൂടെയും ദളമർമ്മരങ്ങളിലൂടെയും പക്ഷിജാലങ്ങളുടെ കൂജനങ്ങളിലൂടെയുമൊക്കെ നമുക്ക് കേൾക്കുവാൻ സാധിക്കും. സംഗീതം ഉരുത്തിരിഞ്ഞു വന്നതും ഇതിൽ നിന്നൊക്കെ തന്നെയാണ്.**

മോസാർട്ട്, ബീഥോവൻ, ചോപിൻ, ചൈകോവ്സ്കി തുടങ്ങിയ വിശ്വസംഗീത പ്രതിഭകളുടെ ജീവിതത്തെ അടിസ്ഥാനമാക്കി നിർമ്മിച്ച ദൃശ്യകാവ്യ വിരുന്നാണ് ഇവിടെ വിശ്വസംഗീത ദൃശ്യകാവ്യങ്ങൾ എന്ന ഫിലിം ഫെസ്റ്റിവലിലൂടെ ഒരുക്കിയിരിക്കുന്നത്. ഭാഷ - ദേശ - വ്യത്യാസങ്ങളോ അതിർവരമ്പുകളോ ഇല്ലാത്ത സംഗീതത്തിന് അതിന്റെ താളലയങ്ങളിലൂടെ ലോകമെമ്പാടുമുള്ള മനുഷ്യമനസ്സുകളെ സ്വാധീനിക്കാനുള്ള കഴിവുണ്ട്.

സംഗീതത്തിന് ക്ലാസിക്കൽ എന്നോ ലളിതമെന്നോ ഫോക്ക് എന്നോ ഹിന്ദുസ്ഥാനി എന്നോ ഉള്ള വ്യത്യാസമില്ല, മറിച്ച് എല്ലാത്തിനും അതിന്റേതായ പ്രത്യേകതകൾ ഉണ്ട് എന്നുമാത്രം. പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന സംഗീതം കാറ്റിന്റെ രവത്തിലൂടെയും ദളമർമ്മരങ്ങളിലൂടെയും പക്ഷിജാലങ്ങളുടെ കൂജനങ്ങളിലൂടെയുമൊക്കെ നമുക്ക് കേൾക്കുവാൻ സാധിക്കും. സംഗീതം ഉരുത്തിരിഞ്ഞു വന്നതും ഇതിൽ നിന്നൊക്കെ തന്നെയാണ്. അതുകൊണ്ടു തന്നെ ആദിമ സംഗീതശാഖയായ സംഗീതത്തിന് ലോകമൊട്ടാകെ ഘടനാപരമായി വ്യത്യാസങ്ങൾ ഒന്നും തന്നെയില്ല.



ഓരോ രാജ്യത്തെയും ഭാഷയും ജീവിതരീതികളും സ്വഭാവരീതികളും സംസ്കാരവും ഭൂപ്രകൃതിയുമൊക്കെ എങ്ങനെ നമ്മുടെ ഭാഷയെയും സംസ്കാരത്തെയും സ്വാധീനിക്കുന്നുവോ അതുപോലെ തന്നെ ഓരോ രാജ്യത്തിലെയും സംഗീതത്തെ വ്യത്യസ്തപ്പെടുത്തുന്നു എന്നുമാത്രം.

## വാർത്ത

സിംഫണി എന്ന ഹാർമോണിക്കൽ സംഗീത ശാഖ വ്യത്യസ്ത സ്ഥായിയിലുള്ള നോട്ടുകളെ ഒഴുക്ക് തെറ്റാത്ത രീതിയിൽ ഇണക്കി ചേർത്ത് ഒരുക്കുന്ന പ്രത്യേകതരം സംഗീത പദ്ധതിയാണ്. രാഗസഞ്ചാരങ്ങളുടെ വിപുലമായ ആവിഷ്കാരങ്ങളും തന്ത്രി - താളവാദ്യങ്ങൾ സൃഷ്ടിക്കുന്ന ലയ - വിന്യാസങ്ങളും ചേർന്ന കർണാടക - ഹിന്ദുസ്ഥാനി സംഗീത കച്ചേരികൾ നമ്മൾക്ക് പരിചയമുള്ളതാണ്. എന്നാൽ ഹാർമണിയിൽ അധിഷ്ഠിതമായ സ്വരസഞ്ചയങ്ങളോടുകൂടിയുള്ള മറ്റൊരു ശാസ്ത്രീയ സംഗീതധാരയാണ് പാശ്ചാത്യ സംഗീത സിംഫണികൾ.

വ്യത്യസ്തങ്ങളായ സംഗീത വാദ്യോപകരണങ്ങളും രീതികളും പ്രയോഗിക്കപ്പെടുന്ന പടിഞ്ഞാറൻ സംഗീതം ആഴത്തിൽ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ളതാണെങ്കിൽ പോലും കേൾക്കുന്ന സംഗീതത്തിന്റെ മാസ്മരികതയും സൗന്ദര്യവും ആസ്വദിക്കുന്നതിൽ ഈ പരിമിതികളൊന്നും തന്നെ നമ്മെ തടസ്സപ്പെടുത്തുന്നില്ല. എന്നുമാത്രമല്ല ഓരോ നാട്ടിലെയും സംഗീതത്തിന് അതിന്റേതായിട്ടുള്ള മഹത്വവും ഭംഗിയും ഉണ്ടെന്നു നമുക്ക് വെളിവാക്കി തരികയും ചെയ്യുന്നു.

ത്യാഗരാജ സ്വാമികളും മുത്തുസ്വാമി ദീക്ഷിതരും ശ്യാമശാസ്ത്രികളും ഒക്കെ ജീവിച്ചിരുന്ന പതിനെട്ടാം നൂറ്റാണ്ടിൽ തന്നെയാണ് പടിഞ്ഞാറൻ സംഗീതത്തിന്റെ അടിസ്ഥാനങ്ങളും ഉറപ്പിക്കപ്പെട്ടിട്ടുള്ളത്. വെറും ഏഴു സ്വരങ്ങൾ കൊണ്ടാണ് ഇത്രയധികം രാഗങ്ങളും താളങ്ങളും സംഗീതവും ഗാനങ്ങളും ഒക്കെ തന്നെ സൃഷ്ടിക്കപ്പെടുന്നത് എന്നുള്ളതാണ് സംഗീതത്തിന്റെ മാന്ത്രികതയും പ്രത്യേകതയും.

ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിൽ ചാഞ്ഞും വൈബ്രേറ്റ് ചെയ്തും ഗമഗങ്ങൾ കൊടുത്തും ഒക്കെയാണ് സംഗീത ശിൽപ്പങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. നമ്മുടെ സംഗീതം കേൾക്കുന്ന പടിഞ്ഞാറൻ സംഗീതജ്ഞന് അതിൽ എന്തോ കുഴപ്പമുണ്ടെന്ന് തോന്നാനുള്ള സാധ്യതയുണ്ട്. പാശ്ചാത്യ സംഗീതത്തിൽ ശ്രുതിശുദ്ധമായ പ്ലെയിൻ നോട്ട്സുകൾ കൊണ്ടല്ലാതെ ഹാർമണി ഒരുക്കുക സാധ്യമല്ല എന്നതാണ് ഇതിന്റെ കാരണം.

ഈശ്വരതുല്യമായ സംഗീതത്തെ മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും പഠിക്കുവാനും നമ്മൾക്ക് സാധിക്കണം.

മഹാന്മാരായ സംഗീതജ്ഞരുടെ ജീവിതത്തെ അടിസ്ഥാനമാക്കിയിട്ടുള്ള സംഗീത ദൃശ്യ ശില്പങ്ങളെ ആസ്വദിക്കാൻ എത്തിയിരിക്കുന്ന എല്ലാവർക്കും ആശംസകൾ നേരുന്നു.

(ഒക്ടോബർ ഇരുപത്തിയേട്ടാം തീയതി നടത്തപ്പെട്ട വിശ്വസംഗീത ദൃശ്യകാവ്യ ചലച്ചിത്രോത്സവം ഉദ്ഘാടനം ചെയ്തുകൊണ്ട് , ഗായികയും സംഗീത അധ്യാപികയും സംഗീതസംവിധായികയും 'എന്നോട് എന്തിന് പിണക്കം' എന്ന ഗാനത്തിലൂടെ മികച്ച ഗായികക്കുള്ള സംസ്ഥാന അവാർഡ് ജേതാവുമായ സംഗീതപ്രതിഭ ശ്രീമതി ഡോ. ഭാവന രാധാകൃഷ്ണൻ നടത്തിയ പ്രസംഗത്തിൽ നിന്ന് . )

• • •

ഫിലിം വിഷൻ
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

# FILM FEST 28 SAT OCTOBER 2023

## വിശ്വസംഗീത ദൃശ്യകാവ്യങ്ങൾ










ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

# വിശ്വകലാ പ്രതിഭകളുടേത് സങ്കീർണ്ണ ജീവിതം

വാർത്ത

- സാം ആന്റണി



ഫിൽക്കയുടെ ഒക്ടോബർ മാസ ചലച്ചിത്രോത്സവത്തിൻറെ ഉദ്ഘാടനം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഹാളിൽ നടന്ന ചടങ്ങിൽ ഗായിക ഡോ. ഭാവന രാധാകൃഷ്ണൻ നിർവഹിച്ചു. നോവലിസ്റ്റും പത്രപ്രവർത്തകനും ഫിൽക്ക സെക്രട്ടറിയുമായ സാബു ശങ്കർ, സ്റ്റേറ്റ് ലൈബ്രേറിയൻ പി. കെ. ശോഭന, ബീം ഫിലിം സൊസൈറ്റി സെക്രട്ടറി സുരേഷ്കുമാർ.സി, നടി അർപ്പണ തുടങ്ങിയവർ ചടങ്ങിൽ പ്രസംഗിച്ചു.

വിശ്വസംഗീതജ്ഞരായ മോസാർട്ട്, ബീഥോവൻ, ചോപ്പിൻ, ചൈകോവ്സ്കി എന്നീ നാലു മഹാന്മാരായ സംഗീതജ്ഞരുടെ ജീവിതത്തെ അടിസ്ഥാനമാക്കി നിർമ്മിച്ചിട്ടുള്ള നാലു ചലച്ചിത്രകാവ്യങ്ങളാണ് ഇത്തവണ പ്രദർശിപ്പിച്ചത്.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, കേരള ചലച്ചിത്ര അക്കാദമി, ബീം ഫിലിം സൊസൈറ്റി, സ്പാർക് ഫിലിം സൊസൈറ്റി (ഐ. എസ്. ആർ. ഓ), സി. ഇ. ടി ഫിലിം സൊസൈറ്റി (കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ട്രിവാൻഡ്രം) എന്നിവയുടെ സഹകരണത്തോടെയായിരുന്നു ഫെസ്റ്റിവൽ.

യോഗത്തിൽ ശ്രീ സാബു ശങ്കർ പ്രവർത്തനത്തിൻറെ ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് കടന്നിരിക്കുന്ന ഫിൽക്ക ഫിലിം സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മറ്റിയിലേക്ക് പല രംഗങ്ങളിൽ പ്രവർത്തിക്കാൻ താൽപ്പര്യവുമുള്ളവരെ ക്ഷണിച്ചു. ചെറിയ ചുമതലകൾ ഏറ്റെടുത്ത് സൊസൈറ്റിയുടെ സിനിമാ നിർമ്മാണമടക്കമുള്ള പദ്ധതികളിൽ ഭാഗഭാക്കുകളാകുവാനും അതിനോടനുബന്ധിച്ചുള്ള കലാസാഹിത്യ സാങ്കേതിക മേഖലകളിൽ വരുന്ന അവസരങ്ങളിൽ പ്രവർത്തിക്കാനും പരിശീലനമെടുക്കാനും അതുവഴി തങ്ങളുടെ കഴിവുകൾ വികസിപ്പിക്കുവാനും സാധിക്കുന്നതായിരിക്കും.

സൊസൈറ്റിയുടെ ഇപ്പോഴുള്ള പ്രവർത്തനങ്ങളെ കൂടാതെ കെഎസ്എഫ്ഡിസിയുടെ പുതിയ ഓടിടി പ്ലാറ്റ്ഫോം പദ്ധതിയായ സീ സ്പേസിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് ചലച്ചിത്രങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സൊസൈറ്റി



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം- 695 033
DIGITAL MAGAZINE
PUBLISHED BY FILCA

## വാർത്ത

യുടെ തന്നെ വിവിധങ്ങളായ പ്രോഗ്രാമുകളിൽ ഒന്നായ സിനിമയുടെ വിശ്വജാലകങ്ങൾ എന്ന പരമ്പരയുടെ തുടക്കത്തിലുള്ള നാല് എപ്പിസോഡുകൾ എഡിറ്റിങ്ങ് സ്റ്റേജിലുമാണ്. ഫിൽക്കയുടെ ഇത്തരം പ്രവർത്തനങ്ങ ളേയും പരിപാടികളേയും പറ്റിയുള്ള വാർ ത്തകളും സിനിമയുമായി ബന്ധപ്പെട്ട പഠന ങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ട് പ്രസിദ്ധീ കരിക്കപ്പെടുന്ന ഡിജിറ്റൽ മാസിക - ഫിലിം വിഷൻ കഴിയുന്നത്ര ഷെയർ ചെയ്യേ ണ്ടതുണ്ട്. ഡിജിറ്റലായും സൗജന്യമായും പ്രസിദ്ധീകരിക്കപ്പെടുന്ന ഈ മാസിക മറ്റു സിനിമാ സംഘടനകളും വിദ്യാർത്ഥികളും ഗവേഷകരും റഫറൻസ്സിനായും വാർത്ത കൾ അറിയുന്നതിനുമായും ഉപയോഗപ്പെടുത്തുന്നുണ്ട്. ഈ മാഗസിന്റെ ഓരോ ലക്കവും www.filca.in - യിൽ നിന്ന് ഡൌൺലോഡ് ചെയ്യാം.

അധ്യക്ഷപ്രസംഗം നടത്തിയ പി .കെ. ശോഭന അതുല്യ കലാകാരന്മാരുടെ ജീവിതത്തെയും കലാപ്രവർത്തനങ്ങളെയും അടിസ്ഥാനപ്പെടുത്തി നിർമ്മിച്ച ചലച്ചിത്രങ്ങൾ കാണുന്നതിൻറെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. എഴുത്തുകാർ, ഗായകർ, സിനിമാ പ്രവർത്തകർ തുടങ്ങി കലയുടെ എല്ലാ മേഖലകളിലുമുള്ള ക്രിയേറ്റിവ് ആർട്ടിസ്റ്റുകൾ വളരെ സങ്കീർണതകളും പ്രതിസന്ധികളും നിറഞ്ഞ ജീവിതമാണ് നയിക്കുന്നത്. അവരുടെ സർഗ്ഗപ്രക്രിയകളേ പറ്റിയും ജീവിതത്തെ പറ്റിയും സിനിമകൾ നിർമ്മിക്കുന്ന എന്നത് വലിയ കാര്യമാണ്. ഇപ്രാവശ്യത്തേ ഫിലിം ഫെസ്റ്റിവലിനായി തിരഞ്ഞെടുത്തിരിക്കുന്നത് ലോകപ്രശസ്തരായിട്ടുള്ള സംഗീതജ്ഞരുടെ കലാസാംസ്കാരിക ജീവിതത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സിനിമകളാണ്. അമേഡ്യൂസ് മൊസാട്ട്, ബിഥോവൻ, ഫ്രെഡെറിക്ക് ചോപ്പിൻ, ചൈയ്ക്കോവ്സ്കി തുടങ്ങിയ മഹാന്മാരായ കലാകാരന്മാരുടെ ജീവിതത്തെ അടുത്തറിയാൻ അവസരം ഒരുങ്ങുന്നതാണ് ഈ ചലച്ചിത്രങ്ങൾ എന്നും അവർ പറഞ്ഞു.

ചലച്ചിത്രോത്സവത്തിൻറെ ഉദ്ഘാടനം നിർവഹിച്ച പ്രശസ്ത ഗായിക ഡോ. ഭാവന രാധാകൃഷ്ണൻ ഇന്ത്യൻ സംഗീതത്തിൻറെയും പാശ്ചാത്യ സംഗീതത്തിൻറെയും പ്രത്യേകതകളേകുറിച്ചും രീതികളെ കുറിച്ചും സൌന്ദര്യ ശാസ്ത്രത്തെ കുറിച്ചും സംസാരിച്ചു. സംഗീതത്തിൻറെ അതിർവരമ്പുകളില്ലാത്ത ലോകത്തിലെ മാസ്മരികങ്ങളായ സൃഷ്ടികളെ പറ്റിയും സ്രഷ്ടാക്കളെ പറ്റിയും അവരുടെ സംഗീതത്തിൻറെ പ്രത്യേകതകളെ പറ്റിയുമൊക്കെ അറിയുകയും പഠിപ്പിക്കുകയും ചെയ്യേണ്ടത് സംഗീതം കേൾക്കുന്നത് പോലേ തന്നെ പ്രാധാന്യമുള്ള കാര്യമാണ്. ഈശ്വരതുല്യമായ സംഗീതത്തെ ഉപാസിച്ച നാലു മഹാന്മാരായ പാശ്ചാത്യ സംഗീതജ്ഞരുടെ ജീവിതത്തെ അടിസ്ഥാനമാക്കിയിട്ടുള്ള സംഗീതദൃശ്യ ശിൽപ്പങ്ങൾ ആസ്വദിക്കാൻ എത്തിയിരിക്കുന്ന എല്ലാവർക്കും അവർ ആശംസകൾ നേർന്നു. തുടർന്ന് അവർ പ്രേക്ഷകർക്കായി, പുലർകാല സുന്ദര സ്വപ്നത്തിൽ ഞാനൊരു... എന്ന ഗാനം പാടുകയും ചെയ്തു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

ബീം ഫിലിം സൊസൈറ്റി സെക്രട്ടറി ശ്രീ സുരേഷ്ബാബു മനുഷ്യജീവിതത്തിൽ സംഗീതത്തിനുള്ള പ്രാധാന്യത്തെ പറ്റി സംസാരിച്ചു. ഒരു വ്യക്തിയെന്ന നിലയിൽ ആയാലും സമൂഹമെന്ന നിലയിലായാലും മനുഷ്യൻറെ സർഗ്ഗചോദനയുടെ ആദ്യത്തെ പടവ് സംഗീതം തന്നെയാണ്. സംഗീതത്തിൽ നിന്നുമാണ് മറ്റെല്ലാ രൂപപ്പെടലുകളും തുടങ്ങുന്നത്. ഒരു കുഞ്ഞു ജനിക്കുമ്പോൾ ഉള്ള കരച്ചിൽ പോലും സംഗീതമായി കാണാൻ കഴിയുമെന്നാണ് കണക്കാക്കപ്പെടുന്നത്. സംഗീതം അറിയാത്തവരായും ബന്ധമില്ലാത്തവരായും ആരുമില്ലെങ്കിലും നമുക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള തലങ്ങൾ സംഗീതത്തിനുണ്ട്. ആഴവും പരപ്പുമുള്ള സംഗീതത്തെ ഗഹനമായി പഠിക്കാൻ നമുക്ക് സാധിച്ചില്ലെങ്കിൽ പോലും സംഗീതത്തെ പറ്റിയും സംഗീതലോകത്തിനു മാസ്മരിക ശക്തി സമ്മാനിച്ച പ്രതിഭാധനരായ സംഗീതജ്ഞർ തങ്ങളുടെ സംഗീതസപര്യയോട് ബന്ധപ്പെട്ടു നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ പറ്റിയും പഠിച്ചിരിക്കുകയും അറിഞ്ഞിരിക്കുകയും ചെയ്യണമെന്നുള്ളത് സാമാന്യബോധത്തിന് അനിവാര്യമായ കാര്യമാണ്. ഇത്തരം സംഗീത ശില്പികളെ പറ്റി അറിയാൻ മനസ്സിലാക്കാനും കിട്ടുന്ന അവസരം വിലപ്പെട്ടതാണ്.

പ്രതിഭാധനന്മാരായ കലാകാരന്മാരുടെ ജീവിതത്തെ കുറിച്ചുള്ള സൃഷ്ടി കളെ പ്രദർശിപ്പിക്കുവാൻ പ്രവർത്തി ക്കുന്ന ഭാരവാഹികളെ അദ്ദേഹം അഭിനന്ദി ക്കുകയും ചെയ്തു. തുടർന്ന് അഭി നേത്രിയും ഫിൽക്ക എക്സി ക്യൂട്ടീവ് മെംബറുമായ അർപ്പണ (ഗിരിജ സുരേന്ദ്രൻ) ഫെസ്റ്റിവലിനെ കുറിച്ചു സംസാരിക്കുകയും പ്രസംഗിക്കുകയും ചെയ്ത അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും നന്ദി അർപ്പിച്ചു.

മുഖ്യാഥിതിയോടൊപ്പം ഫിൽക ഫിലിം സൊസൈറ്റിയുടെ ഭാരവാഹികളെയും അതിഥികളെയും ഉൾക്കൊള്ളിച്ച് എടുത്ത ഗ്രൂപ്പ് ഫോട്ടോയുടെ സെഷനോടു കൂടി ചടങ്ങുകൾ അവസാനിച്ചു.

49 പേർ കാണികൾക്കായുള്ള രജിസ്റ്റർ ബുക്കിൽ പേര് രേഖപ്പെടുത്തി. ഇരുപതിലേറെ പേർ അല്ലാതെയും. ഏകദേശം 70 - ലേറെ പ്രേക്ഷകർ ഈ ചലച്ചിത്ര മേളയിൽ പങ്കെടുത്തു.


● ● ●



ഫിലിം വിഷൻ
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

# മലയാളസിനിമയിലെ മധുരിമ










മധു ഫിലിം ഫെസ്റ്റിവലിനോട് അനുബന്ധിച്ച് ബ്രോഷർ പ്രകാശന വേളയിൽ മലയാള സിനിമയിലെ അഭിനയ ചക്രവർത്തി മധുവുമായി ഫിൽക്ക - സ്പാർക് ഫിലിം സൊസൈറ്റി പ്രവർത്തകർ നടത്തിയ നർമ്മ സല്ലാപത്തിൽ നിന്ന്....

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA


# മധു ; സർവ്വവ്യാപിയായ ചലച്ചിത്ര സാന്നിധ്യം

വിജയകൃഷ്ണൻ



1963. 'നിണമണിഞ്ഞ കാല്പാടുകൾ ' എന്ന ഒരു ചിത്രത്തിൻറെ പ്രദർശനം നടക്കുന്നു. പാറപ്പുറത്തിന്റെ നോവലിനെ ആധാരമാക്കി എൻ.എൻ.പിഷാരടി സംവിധാനം ചെയ്ത ചിത്രം.ലബ്ധപ്രതിഷ്ഠരായ നടീനടന്മാരോടൊപ്പം മാധവൻ നായരെന്ന സുഭഗനായ ഒരു ചെറുപ്പക്കാരനും ഇതിലഭിനയിച്ചിട്ടുണ്ട്. മാധവൻ നായർ ആദ്യമായി ഒരു സിനിമയിലഭിനയിക്കുകയായിരുന്നു. വാസ്തവത്തിൽ അയാൾ ആദ്യമായി അഭിനയിക്കേണ്ടിയിരുന്നത് ഈ ചിത്രത്തിലായിരുന്നില്ല.'മൂടുപടം'എന്ന മറ്റൊരു ചിത്രത്തിലായിരുന്നു.

'മുടിയനായ പുത്രൻ' എന്ന സിനിമയ്ക്ക് ലഭിച്ച ദേശീയ അവാർഡ് ഏറ്റുവാങ്ങാൻ അതിന്റെ സംവിധായകനായ രാമു കാര്യാട്ടും സംഘാംഗങ്ങളും ഡൽഹിയിലെത്തി. ഡൽഹിയിലെ പ്രശസ്തമായ മലയാളി അസോസിയേഷൻ അവർക്കൊരു സ്വീകരണമൊരുക്കി.ഡൽഹിയിലെ നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിലെ വിദ്യാർത്ഥിയായിരുന്ന മാധവൻ നായരുടെ നാടകാവതരണങ്ങൾക്ക് സഹായസഹകരണങ്ങൾ നല്കിയ സംഘടനയായിരുന്നു മലയാളി അസോസിയേഷൻ.അതുകൊണ്ടുതന്നെ മാധവൻ നായരും ചടങ്ങിൽ സംബന്ധിക്കാനെത്തി. തിരുവനന്തപുരം നാടകവേദിയിൽ



തന്നോടൊപ്പം അഭിനയിച്ചിരുന്ന അടൂർ ഭാസിയെ അവിടെ വച്ച് അദ്ദേഹം കണ്ടു.ഭാസി രാമു കാര്യാട്ടിന് മാധവൻ നായരെ പരിചയപ്പെടുത്തി.കാര്യാട്ട് ആ ചെറുപ്പക്കാരനെ അടിമുടി നോക്കി. ഭാവിയിൽ വെള്ളിത്തിരയിൽ നിറഞ്ഞാടുന്ന ഒരഭിനേതാവിനെ ആ നോട്ടത്തിലൂടെ അദ്ദേഹം തിരിച്ചറിഞ്ഞിട്ടുണ്ടാവണം.

സ്കൂൾ ഓഫ് ഡ്രാമയിലെ വിദ്യാർത്ഥിയാണെന്നറിഞ്ഞപ്പോൾ കാര്യാട്ട് ചോദിച്ചു: "നാടകത്തിലേ താല്പര്യമുള്ളോ?" "നാടകത്തോട് താല്പര്യക്കുറവില്ല." എന്നായിരുന്നു മാധവൻ നായരുടെ മറുപടി. അപ്പോൾ കാര്യാട്ട് തുറന്നുതന്നെ ചോദിച്ചു: "സിനിമയിൽ താല്പര്യമില്ലേ ?"

"ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് നേരത്തേ തുടങ്ങിയിരുന്നെങ്കിൽ ഒരു പക്ഷേ അങ്ങോട്ടു പോയേനെ." ഉറച്ച മറുപടി."സിനിമയിൽ അഭിനയിക്കാൻ വിളിച്ചാൽ പോകുമോ?" കാര്യാട്ടിന്റെ ചോദ്യം."വിളിച്ചാൽ പോകും. "മാധവൻ നായരുടെ മറുപടി.

ചന്ദ്രതാരയുടെ അടുത്ത പടത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത് എസ്. കെ. പൊറ്റെക്കാട്ടിന്റെ 'മൂടുപടം'എന്ന നോവലാണെന്ന് കാര്യാട്ട് പറഞ്ഞു."അതിൽ നിങ്ങൾക്ക് പറ്റിയ ഒരു റോളുണ്ട്. അഭിനയിക്കാമോ ?"

കോഴ്സ് കഴിയാൻ രണ്ടുമൂന്നുമാസം കൂടിയുണ്ടെന്നും അത് കഴിഞ്ഞു മതിയെങ്കിൽ താൻ തയാറാണെന്നും മാധവൻ നായർ പറഞ്ഞു. താൻ ഹെൽസിങ്കിയിൽ ഫെസ്റ്റിവലിന് പോകുകയാണെന്നും അതുകഴിഞ്ഞു വന്നിട്ടേ പണികൾ തുടങ്ങൂ എന്നും കാര്യാട്ട് അറിയിച്ചു.

പിന്നെ കാര്യാട്ട് അദ്ദേഹത്തിന് ചില നിർദേശങ്ങൾ നല്കി. പഠനം കഴിഞ്ഞു മടങ്ങിപ്പോകുന്ന വഴിക്ക് മദ്രാസിലിറങ്ങണമെന്നും ചന്ദ്രതാരയുടെ ഓഫീസിൽ വരണമെന്നും അദ്ദേഹം പറഞ്ഞു. അവിടെവച്ച് മേക്കപ്പ് ടെസ്റ്റ് നടത്താം. സ്ക്രിപ്റ്റ് റൈറ്ററെയും ക്യാമറാമാനെയുമൊക്കെ പരിചയപ്പെടുകയും ചെയ്യാം. പഠനം കഴിഞ്ഞു നാട്ടിലേക്ക് മടങ്ങുന്ന വഴി കാര്യാട്ട് നിർദേശിച്ചപോലെ മദ്രാസിലിറങ്ങി. ചന്ദ്രതാരയുടെ ഓഫീസിലെത്തി.' മൂടുപട' ത്തിന്റെ ഷൂട്ടിങ് തുടങ്ങിയിരുന്നില്ല. ചന്ദ്രതാര വിതരണം ചെയ്യുന്ന 'നിണമണിഞ്ഞ കാല്പാടുകൾ' എന്ന ചിത്രത്തിൻറെ ഷൂട്ടിങ് നടക്കുന്നുണ്ടായിരുന്നു. അതിന്റെ സെറ്റിലേക്കാണ് മാധവൻ നായരെ മേക്കപ്പ് ടെസ്റ്റിനായി കൊണ്ടുപോയത്.അദ്ദേഹം എത്തിയപ്പോൾ പ്രേം നസീറും അംബികയും അഭിനയിക്കുകയായിരുന്നു. മേക്കപ്പ്മാൻ കെ.വി.ഭാസ്കരൻ അദ്ദേഹത്തിന് മേക്കപ്പിട്ടു. ക്യാമറാമാൻ യു. രാജഗോപാൽ അദ്ദേഹത്തെ ക്യാമറയ്ക്കു മുന്നിൽ നിർത്തി ടെസ്റ്റെടുത്തു.

പിറ്റേന്ന് 'നിണമണിഞ്ഞ കാല്പാടുകളു ' ടെ നിർമ്മാതാക്കളിലൊരാളായ ശോഭനാ പരമേശ്വരൻ നായർ മാധവൻ നായരോട് ചോദിച്ചു, "ഈ പടത്തിൽ ഒരു റോളുണ്ട് , അഭിനയിക്കുന്നോ ?" അദ്ദേഹം സമ്മതം മൂളി.

ഈശ്വരന്റെ വരദാനം പോലെ ലഭിച്ച ഒരു വേഷമായിരുന്നു അത്. ശോഭനാ പരമേശ്വരൻ നായരും സത്യനും വളരെ അടുത്ത സുഹൃത്തുക്കളായിരുന്നു. സത്യനുവേണ്ടി ഉദ്ദേശിക്കപ്പെട്ട വേഷമായിരുന്നു 'നിണമണിഞ്ഞ കാല്പാടു കളി'ലെ സ്റ്റീഫന്റെത്. അവർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായതിനെത്തുടർന്ന് സത്യൻ അഭിനയിക്കാൻ വിസമ്മതിക്കുകയായിരുന്നു. അങ്ങനെയാണ് ആ വേഷത്തിന് ഒഴിവു വന്നതും മാധവൻ നായരുടെ കൈക്കുള്ളിൽ അത് വന്നുവീണതും. അങ്ങനെ 'മൂടുപട 'ത്തിലഭിനയിക്കാൻ വേണ്ടി മദിരാശിയിലെത്തിയ മാധവൻ നായരുടെ ആദ്യസിനിമ 'നിണമണിഞ്ഞ കാല്പാടുകളാ 'യി. ആദ്യമായി പ്രദര്ശനശാലകളി

ലെത്തിയതും അത് തന്നെ. ആദ്യപ്രദർശനം കഴിഞ്ഞപ്പോൾ മാധവൻ നായർ നിർമ്മാതാവിനോട് ചോദിച്ചു: "ടൈറ്റിലിൽ എന്റെ പേര് ചേർക്കാഞ്ഞതെന്ത്? "നിർമ്മാതാവ് മറുപടി പറഞ്ഞു: "ടൈറ്റിലിലെ മധു പിന്നെയാരാണ്?" അങ്ങനെയാണ് മധുവിന്റെ പിറവി.

സത്യൻ, പ്രേം നസീർ എന്നിങ്ങനെ രണ്ടു നായകന്മാരെ മാത്രം വച്ചു മുന്നോട്ടു പോയിരുന്ന മലയാളസിനിമ ഒരു മൂന്നാമനെ തേടുന്ന കാലമായിരുന്നു അത്. അനായാസമായി മധു ആ മൂന്നാമന്റെ ഇരിപ്പിടത്തിൽ അമർന്നു. പ്രശസ്തസാഹിത്യകൃതികൾ ഒന്നിനുപിന്നിലൊന്നായി ചലച്ചിത്രരൂപം കൈക്കൊണ്ടിരുന്ന ആ കാലഘട്ടത്തിൽ പ്രശസ്തരായ സാഹിത്യകാരന്മാർ സൃഷ്ടിച്ച പ്രശസ്തകഥാപാത്രങ്ങളെ വെള്ളിത്തിരയിൽ അവതരിപ്പിക്കാനുള്ള നിയോഗം മധുവിനു കൈവന്നു. മലയാളത്തിൽനിന്ന് സ്വർണ്ണമെഡൽ നേടിയ ഒന്നാമത്തെയും രണ്ടാമത്തെയും ചിത്രങ്ങളിൽ ( ചെമ്മീൻ, സ്വയംവരം) നായകനായി അഭിനയിച്ച അദ്ദേഹം തിരക്കഥാകൃത്തെന്ന നിലയിലും സംവിധായകനെന്ന നിലയിലും അംഗീകാരമുദ്രകൾ ചാർത്തിയ കെ.എ.അബ്ബാസിന്റെ 'സാത് ഹിന്ദുസ്ഥാനി'എന്ന ചിത്രത്തിലൂടെ ഹിന്ദിയിലേക്കും കടന്നു. അഭിനയരംഗത്ത് ഇങ്ങനെ നേട്ടങ്ങൾ കൊയ്തുകൊണ്ടിരിക്കുന്ന വേളയിലാണ് അദ്ദേഹം സംവിധായകന്റെ കുപ്പായമണിയുന്നത്. ആ വാർത്ത കേട്ട പലരുടെയും നെറ്റി ചുളിഞ്ഞു.പലരും അദ്ദേഹത്തിന് മുന്നറിയിപ്പുകൾ നല്കി .സംവിധാനം



ചെയ്യുന്നതോടെ അഭിനയരംഗത്തുനിന്ന് ഒഴിവാക്കപ്പെടുമെന്നായിരുന്നു പലരുടെയും ആശങ്ക. എന്നാൽ,അത്തരം ആശങ്കകളൊന്നുമില്ലാതെ, തികഞ്ഞ ആത്മവിശ്വാസത്തോടെ തന്നെ അദ്ദേഹം ആ ദൗത്യം ഏറ്റെടുത്തു. അത് വിജയിപ്പിക്കുകയും ചെയ്തു. സംവിധാനം ചെയ്ത മൂന്നാം ചിത്രത്തിലൂടെ അദ്ദേഹം നിർമ്മാതാവുമായി. ചില സാഹിത്യകാരന്മാരെ ആദ്യമായി സിനിമയിലേക്ക് ആനയിച്ചത് അദ്ദേഹമാണ്. ആദ്യചിത്രമായ 'പ്രിയ' സി.രാധാകൃഷ്ണന്റെ 'തേവിടിശ്ശി'എന്ന നോവലിന്റെ ചലച്ചിത്രാവിഷ്കരണമായിരുന്നുവെങ്കിൽ മൂന്നാം ചിത്രമായ 'സതി' ജി. ശങ്കരപ്പിള്ളയുടെ 'പൂജാമുറി' എന്ന നാടകത്തെ അവലംബിച്ചു തയാറാക്കിയതായിരുന്നു. ഇതിന്നിടെ 'സിന്ദൂരച്ചെപ്പി'ലൂടെ കവിയും ഗാനരചയിതാവുമായ യൂസഫലി കേച്ചേരിയെ കഥാകൃത്തും തിരക്കഥാകൃത്തുമായി അവതരിപ്പിക്കുകയുമുണ്ടായി.

നിർമ്മാതാവായതിന്റെ പിന്നാലെ തന്നെ അദ്ദേഹം സ്റ്റുഡിയോ സ്ഥാപിക്കാനും തുടങ്ങി. മദ്രാസിൽ വട്ടം ചുറ്റിയിരുന്ന മലയാളസിനിമയെ കേരളത്തിലേക്ക് പറിച്ചുനടാനുള്ള ആദ്യശ്രമമായിരുന്നു അത്. ആ ഉദ്ദേശ്യശുദ്ധിയും നിശ്ചയദാർഢ്യവും ഗുണഭോക്താക്കളാവേണ്ട നാട്ടുകാർക്ക് പിടികിട്ടാതെ പോയതിന്റെ ഫലമായി നഷ്ടമുണ്ടായത് കേരളത്തിനും മലയാളസിനിമയ്ക്കുമാണ്.

കലാകാരന്മാരുടെ കൂട്ടായ്മകളിലും സാമൂഹികപ്രവർത്തനങ്ങളിലും നിരന്തരപങ്കാളിയാണ് മധു.കലാപാടവം ദൈവം നല്കുന്ന വരദാനമാണെന്നും അത് ലഭിച്ചവർക്ക് സമൂഹത്തോടും തുടർന്നുവരുന്ന തലമുറയോടും സവിശേഷമായ ഉത്തരവാദിത്തമുണ്ടെന്നും അദ്ദേഹം ഉറച്ചുവിശ്വസിക്കുന്നു.

• • •



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

# മധു : മലയാളസിനിമയുടെ വഴിത്തിരിവുകളിലെ നക്ഷത്രം



സാബു ശങ്കർ
( ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി )

മലയാളസിനിമയുടെ ചരിത്രപഥത്തിൽ ദിശാമാറ്റമുണ്ടാക്കിയ മൂന്ന് സിനിമകളാണ് ഭാർഗവി നിലയം, ചെമ്മീൻ, സ്വയംവരം. കേരളീയ പരമ്പരാഗത വിശ്വാസങ്ങൾ ,സാമൂഹിക അവസ്ഥ, യുവത്വത്തിൻറെ ശുഭപ്രതീക്ഷകൾ, പ്രണയം, ഭഗ്നസ്വപ്നങ്ങൾ തുടങ്ങി വിവിധ ഘടകങ്ങൾ ഇഴചേർന്ന പ്രമേയങ്ങൾ നാടകീയതയിൽ നിന്നും റിയലിസത്തിലേക്ക് ഒഴുകിയെത്തുന്നു. മൂന്നു സിനിമകളുടെയും ജീവധാര കേരളീയ ചലച്ചിത്ര വ്യവസായത്തിന്റെയും ചലച്ചിത്ര കലയുടെയും സാങ്കേതിക ദൃശ്യ ഭാഷയുടെയും മൂന്നു പരിണാമ ഘട്ടങ്ങളെ പ്രതിനിധീകരിക്കുന്നു. മൂന്നു സിനിമകളിലെയും ശ്രദ്ധേയ നായകകഥാപാത്രങ്ങൾക്ക് ഹൃദയസ്പന്ദനം നൽകിയത് ഒരേ ഒരാൾ. മധു! മലയാള സിനിമയുടെ വഴിത്തിരിവുകളിലെ നക്ഷത്രം !!

**ഭാർഗവി നിലയം / 1964 / 162 മിനിറ്റ് / സംവിധാനം - എ . വിൻസെൻറ്**

1964-ൽ നിർമ്മിച്ച ഭാർഗവി നിലയം മലയാളത്തിലെ പ്രഥമ ഹൊറർ സിനിമയാണ്. ഒരേ സമയം ഭാവിസ്വപ്നങ്ങൾക്ക് ചിറക് നൽകുകയും ചിതയൊരുക്കുകയും



ചെയ്യുന്ന കഥാതന്തു. ചലച്ചിത്ര ഘടനയിൽ പരീക്ഷണാത്മക നവീനത. സിനിമയുടെ ഭാഷയായ ഛായ ഗ്രഹിക്കുന്ന കലയെ വെളിച്ചവും നിഴലും ഇരുളും കൊണ്ട് ഓരോ ദൃശ്യത്തിലും മലയാള സിനിമയിൽ ആദ്യമായി അവതരിപ്പിക്കുന്നു.

പി. ഭാസ്കരൻ, എം. എസ്. ബാബുരാജ് എന്നി വരിലൂടെ ഗാനസാഹിത്യത്തിനും മധുര സംഗീതത്തിനും ഏകാന്തതയുടെ അപാര തീരങ്ങൾ തുറന്നുകൊടുക്കുന്നു. ആത്മാവിന്റെ തേങ്ങലുകൾ കാതുകളെ തേടിയെത്തുന്നു. വൈക്കം മുഹമ്മദ് ബഷീർ എന്ന അതുല്യ പ്രതിഭയുടെ രചനയിൽ സന്ദർഭങ്ങൾക്ക് നീലവെളിച്ചം പകരുന്നു . കഥാപാത്രവും അഭിനേതാക്കളും അനുയോ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ജ്യമായി ലയിച്ചുചേരുന്നു. ഒരു സ്വാപ്നിക സഞ്ചാരത്തിന്റെ മാതൃകയിലാണ് കഥ വിടരുന്നത്. സങ്കൽപ്പവും യാഥാർഥ്യവും വേർതിരിക്കാനാവാത്ത വിധം അഭ്രപാളിയിലെ നിമിഷങ്ങളെ പരിപാലിക്കുന്നു. അഭിനയരീതിയിൽ യഥാതഥ ജീവിത ചലനങ്ങൾക്ക് ഇടംനൽകുന്നു.

വൈക്കം മുഹമ്മദ് ബഷീറിൻറെ അനുഭവമോ തോന്നലോ ഒക്കെയാണ് നീലവെളിച്ചം എന്ന കഥ. പരമ്പരാഗത മിത്തുകളും അനുയോജ്യ സാഹചര്യവും മനസ്സിൽ പ്രതിപ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന വൈയക്തിക അനുഭവത്തെ ആദ്യം ഒരു ഹൊറർ ചിത്രത്തിന്റെ അനുഭവത്തിലേക്കും പിന്നീട് കുറ്റാന്വേഷണ സ്വഭാവത്തിലേക്കും പകർന്നാട്ടം നടത്തുന്നു. ബഷീറിയൻ ഹാസ്യത്തിൻറെ പൂമ്പൊടി ചാർത്തി, വൈദേശിക ഹൊറർ സിനിമയുടെ വ്യാകരണം ചേർത്ത് മനഃശാസ്ത്ര വൈചിത്ര്യത്തെ രൂപാന്തരപ്പെടുത്തിയതിൻറെ ഫലസാഫല്യമാണ് ഭാർഗവി നിലയം.

നായകനായ നോവലിസ്റ്റ് പുതിയ സൃഷ്ടിക്കുള്ള ഏകാന്തത തേടിയെത്തുന്നത് ഭാർഗവി നിലയത്തിലാണ്. അവിടെ ഏറെക്കാലമായി ആരും താമസിക്കാറില്ല. പണ്ട് ആ വീട്ടിൽ താമസിച്ചിരുന്ന കുടുംബത്തിലെ സുന്ദരിയായ പുത്രിയായിരുന്നു ഭാർഗവി. അവൾക്ക് അയൽക്കാരനായി എത്തിയ സംഗീത സംവിധായകൻ ശശികുമാറുമായി പ്രണയ ബന്ധം ഉണ്ടായിരുന്നു.

അയാളുടെ അഭാവത്തിൽ മുറചെറുക്കനും ദുഷ്ടനുമായ നാണു അവളെ വിവാഹം




കഴിക്കാനാവില്ലെന്ന വിദ്വേഷത്തിൽ ഭാർഗവിയെ വീടിനു പിന്നിലെ കിണറ്റിൽ തള്ളിയിട്ട് കൊല്ലുന്നു. പക്ഷേ പരക്കെ അറിയപ്പെട്ടത് ഭാർഗവി പ്രണയ നൈരാശ്യത്താൽ കിണറ്റിൽ ചാടി ആത്മഹത്യ ചെയ്തുവെന്നാണ് .

പിന്നീട് അവിടെ വാടകയ്ക്ക് താമസിക്കാനെത്തിയ പുരുഷന്മാർക്ക് പലതരം ദുരന്തങ്ങൾ സംഭവിച്ചതായി പറയപ്പെടുന്നു . ഭാർഗ്ഗവിയുടെ ആത്മാവ് പ്രതികാരദാഹിയായി അവിടെ തങ്ങിനിൽക്കുന്നുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. നാട്ടുകാർക്ക് ഭീതിയുടെ പ്രതീകമാണ് ഭാർഗവി നിലയം.

അവിടേയ്ക്കാണ് നോവലിസ്റ്റ് താമസിക്കാനെത്തുന്നത്. മധുവാണ് നോവലിസ്റ്റിനെ അവതരിപ്പിച്ചിരിക്കുന്നത്. നോവലിസ്റ്റ് ഭാർഗവിയെ കുറിച്ചുള്ള വിചാരത്തിൽ മുഴുകി. നോവലിസ്റ്റും ഭാർഗ്ഗവിയുടെ ആത്മാവും തമ്മിൽ ഒരു സ്നേഹബന്ധം രൂപം കൊള്ളുന്നു .

വിജയനിർമ്മല എന്ന നടിയാണ്

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

ഭാർഗവിയായത്. സസ്പെൻസ് ഉടനീളം സൂക്ഷിച്ചുകൊണ്ട് ഭാർഗ്ഗവിയുടെ മരണത്തിനു പിന്നിലെ യാഥാർഥ്യത്തെ നോവലിസ്റ്റ് ആവിഷ്ക്കരിക്കുന്നു. ഒടുവിൽ നോവലിസ്റ്റിനെ വധിക്കാനുള്ള സംഘർഷത്തിൽ നാണു അതേ കിണറ്റിൽ വീണു മരിക്കുന്നു. നോവൽ എഴുതിയ കടലാസ്സുകൾ ചിതറിക്കിടക്കുന്നത് നോക്കി നിൽക്കുന്ന നോവലിസ്റ്റിന്റെ നിസ്സഹായ അവസ്ഥയിൽ സിനിമ അവസാനിക്കുന്നു.

മലയാള പ്രേക്ഷകർക്ക് പുതിയൊരു സിനിമാറ്റിക് അനുഭവം സൃഷ്ടിച്ച ഈ സിനിമയുടെ രൂപകല്പനയിൽ ഭാവനയും യാഥാർഥ്യവും വേർതിരിക്കാനാവാതെ ലയിച്ചുനിൽക്കുന്നു. എ. വിൻസെൻറ് എന്ന പ്രഗല്ഭ ഛായാഗ്രാഹകൻ ആദ്യമായി സംവിധാനം ചെയ്ത മലയാള സിനിമയാണിത്. മധു, വിജയനിർമ്മല എന്നിവരോടൊപ്പം പ്രേം നസീർ, പി. ജെ. ആന്റണി, അടൂർ ഭാസി, കോട്ടയം ശാന്ത, കുതിരവട്ടം പപ്പു തുടങ്ങിയവർ മറ്റു കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നു. നിർമ്മാതാവ് - ടി .കെ . പരീക്കുട്ടി, ചന്ദ്രതാര പ്രൊഡക്ഷൻസ്.

1964-ൽ മലയാള സിനിമയെ സംബന്ധിടത്തോളം ശില്പഘടന, ദൃശ്യഭാഷ, ചലച്ചിത്ര വ്യവസായം എന്നിവയിൽ ഭാർഗവി നിലയം ഒരു വഴിത്തിരിവാണ്. അവിടെ തിളങ്ങിനിൽക്കുന്ന നക്ഷത്രമാണ് മധു.

**ചെമ്മീൻ / 1966 / 140 മിനിറ്റ് / സംവിധാനം - രാമു കാര്യാട്ട്**



മലയാള സാഹിത്യത്തിൽ 1940 -കളിൽ തുടക്കം കുറിച്ച നവോത്ഥാന പ്രസ്ഥാനത്തിന്റെ സൗന്ദര്യശാസ്ത്രമുദ്രയായിരുന്നു സോഷ്യലിസ്റ്റ് റിയലിസം. തകഴി, കേശവദേവ്, പൊറ്റെക്കാട്, ഉറൂബ്, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി തുടങ്ങിയരുടെ രചനകൾ 1940-50 കളിൽ പുരോഗമന സാഹിത്യത്തിനും ചാലുകീറി.

വിശ്വസാഹിത്യത്തിൽ റഷ്യയിൽ രൂപം കൊണ്ട കലാദർശനമാണ് സോഷ്യലിസ്റ്റ് റിയലിസം. കാൽപ്പനികതയുടെ (റൊമാന്റിസിസം) സങ്കൽപ്പത്തിൽ നിന്നും റിയലിസത്തിലേക്ക് (യഥാതഥ ശൈലി) ലോകചിത്രകലയിൽ നടന്ന പരിണാമം സാഹിത്യത്തിലേക്കും സംഗീതത്തിലേക്കും നാടകത്തിലേക്കും പടർന്നുകയറി. സാമൂഹിക യാഥാർഥ്യത്തിലേക്കും പച്ചയായ ജീവിതഭംഗിയിലേക്കും കാവ്യാവബോധം കടന്നുചെന്ന റിയലിസത്തിന്റെ തുടിപ്പുകൾ ആവിഷ്ക്കരിക്കുമ്പോഴാണ് അതിനുള്ളിൽ പുതിയൊരു ചലനമുണ്ടാവുന്നത്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

സമൂഹത്തിന്റെ ചാലകശക്തി അധ്വാനിക്കുന്ന ജനവിഭാഗമാണെന്നും അവരുടെ ജീവിത യാഥാർഥ്യത്തിന്റെ തുടിപ്പുകളുടെ ലോകം കേന്ദ്രീകരിച്ചുള്ള കലാപരമായ ആവിഷ്കാരത്തിനു ചരിത്രപരമായ മൂല്യമുണ്ടെന്നുമുള്ള മാക്സിം ഗോർക്കിയുടെ ദർശനത്തിൽ നിന്നാണ് സോഷ്യലിസ്റ്റ് റിയലിസം ആവിർഭവിക്കുന്നത്. ഇത്തരത്തിൽ അഭൂതപൂർവമായി സമൂഹത്തിൻറെ അടിസ്ഥാന ഘടകമായ തൊഴിലിടങ്ങളിലെ മനുഷ്യയാഥാർഥ്യം ഉൾകൊള്ളുന്ന ആവിഷ്ക്കാര ശൈലി ലോകമാകെ 1920-കൾ മുതൽക്കേ വ്യാപിച്ചു.

ഈ സാഹിത്യധാരയിലുള്ള കൃതികൾ ഇന്ത്യയിൽ ആദ്യമായി പരിചയപ്പെടുത്തുന്നത് ഹിന്ദി സാഹിത്യകാരനായ പ്രേം ചന്ദ് ആണ് . പ്രേം ചന്ദിൻറെ സ്വന്തം കൃതികളും ഭാരതീയ സാഹിത്യചരിത്രത്തിൽ സോഷ്യലിസ്റ്റ് റിയലിസത്തിന്റെ അലകളുയർത്തി . അതിന്റെ അനുരണനങ്ങൾ മലയാളത്തിലുമുണ്ടായി.

കർഷകർ, മത്സ്യത്തൊഴിലാളികൾ, വ്യത്യസ്ത പരമ്പരാഗത തൊഴിൽ മേഖലകളിലെ അധ്വാനശക്തികൾ എന്നിങ്ങനെ പ്രമേയത്തിന്റെ സാമൂഹിക തലങ്ങൾ മലയാള സാഹിത്യത്തിലും രചിക്കപ്പെട്ടു . 1956 -ലാണ് തകഴിയുടെ നോവൽ - ചെമ്മീൻ പ്രസിദ്ധീകരിക്കുന്നത്. അത് പത്തുവർഷം കഴിഞ്ഞ് മലയാള സിനിമയിൽ പുതിയൊരു അധ്യായവുമായി.

ലോകസിനിമയിൽ ഇറ്റാലിയൻ നിയോറിയലിസം ലോകശ്രദ്ധനേടുന്ന കാലമാണ് 1940



-50 - 60 കൾ . ഇറ്റാലിയൻ സംവിധായകൻ ലുചിനോ വിസ്കോന്തിയാണ് 1940 -കളിൽ നിയോ റിയലിസത്തിനു തുടക്കം കുറിക്കുന്നത് . ലോകസിനിമയിലെ പുതുതരംഗങ്ങൾ ഇന്ത്യയിൽ 1950 - കളിലെ രാജ്യാന്തര ചലച്ചിത്രോത്സവങ്ങളിലൂടെ ഭാരതീയ കലാകാരന്മാർക്കും പ്രചോദനമായിരുന്നു . സിനിമയുടെ നവീനമായ സൗന്ദര്യലോകം മലയാളത്തിലും സൃഷ്ടിക്കുവാൻ രാമു കാര്യാട്ട് , പി .ഭാസ്കരൻ , പി . രാമദാസ്, വിൻസെൻറ് , സേതുമാധവൻ , പി . എൻ .മേനോൻ എന്നിങ്ങനെ പലരും മുണ്ടു മടക്കിക്കുത്തി , തലയിൽ തോർത്തും മുറുക്കിച്ചുറ്റി, എന്തിനും തയ്യാറെടുത്തു നിൽക്കുന്ന കാലം ...

ഉറൂബിന്റെയും (നീലക്കുയിൽ) പോഞ്ഞിക്കര റാഫിയുടെയും (മിന്നാമിനുങ്ങ്) തോപ്പിൽ ഭാസിയുടെയും (മുടിയനായ പുത്രൻ) പൊറ്റെക്കാടിന്റെയും ( മൂടുപടം ) കൃതികൾ ചലച്ചിത്രമാക്കി ശ്രദ്ധേയനായ രാമു കാര്യാട്ട് അക്കാലത്ത് ഏറ്റവും തിളക്കമാർന്ന, പല മേന്മകളാലും മലയാള

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

സിനിമയുടെ രണ്ടാമത്തെ വഴിത്തിരിവായ ഒരു സിനിമ സൃഷ്ടിച്ചു : ചെമ്മീൻ . ആ ചിത്രത്തിലും തിളങ്ങിനിൽക്കുന്ന നക്ഷത്ര മാണ് , മധു !

പിന്നോട്ട് നോക്കുമ്പോൾ ഒരു കാര്യം വ്യക്തമാവുന്നു. മലയാള സിനിമയുടെ വളർച്ചയ്ക്ക് പ്രധാന കാരണം അതിന് പ്രമേയമായി സ്വീകരിക്കപ്പെട്ട, പക്വമായ, ബൗദ്ധിക, സാംസ്കാരിക, സാഹിത്യ വിഭവമാണ്. മലയാള ഹൃദയത്തിൽ മലയാള സിനിമയ്ക്ക് സ്പന്ദിക്കാൻ കഴിഞ്ഞത് സംവിധായകരും നിർമ്മാതാക്കളും യഥാർത്ഥ കഥാസാഹിത്യത്തെയും നോവൽ സാഹിത്യത്തെയും ആദരിച്ചതുകൊണ്ടാണ് .

കടലിൽ പോകുന്ന പുരുഷന് കരയിൽ കാവലായി അവൻറെ പെണ്ണ് വേണമെന്ന പരമ്പരാഗത വിശ്വാസവും മിത്തും ചെമ്മീനിലെ പ്രധാന ഘടകമാണ് . തിരയും തീരവും ഊട്ടിവളർത്തുന്ന ജീവിതഭൂമികയിൽ ചുറ്റിപ്പടർന്ന പ്രണയവല്ലരിയിൽ ഇതളിട്ട സ്വപ്നവും മോഹവും പിന്നീട് കൊഴിഞ്ഞുവീഴുന്നു . മലയാളിക്ക് ചെമ്മീൻ എന്ന സിനിമ എക്കാലത്തെയും ഒരു മധുരനൊമ്പരമാണ് .

പരമ്പരാഗത കടൽത്തീരഗ്രാമത്തിലെ ജീവിതശൈലിയെ കൃത്യമായ അളവിൽ ചാരുതയോടെ ചലച്ചിത്രദൃശ്യങ്ങളാക്കി, പകലിനെയും നിലാവിനെയും സ്നേഹസാക്ഷികളാക്കി, വർണ്ണച്ഛായയിൽ മുക്കിയെടുത്ത് കേരളകാഴ്ചയ്ക്ക് ഇന്നും വിരുന്നുനല്കുന്ന ഒന്നാണ് ഈ സിനിമ. ഷൂട്ട് ചെയ്ത ഫ്ലാഷ്ബാക്കുകൾ ഒഴിവാക്കി നേർരേഖയിൽ സമയം പാലിച്ചുകൊണ്ടുള്ള എഡിറ്റിംഗ്, സലിൽ ചൗധുരിയുടെ നാടോടി ഈണങ്ങൾ, വയലാറിൻറെ ഹൃദയസ്പർശിയായ വരികൾ, സംഭാഷണത്തിൻറെ മികവ്, ഭാവഗരിമകളും നിശബ്ദ ഗമകങ്ങളും കൊണ്ട് സജീവമായ കഥാപാത്രങ്ങൾ തുടങ്ങിയവയാൽ മലയാള ചലച്ചിത്ര വ്യവസായത്തിലെ നാഴികക്കല്ല് കൂടിയാണ് ഈ സൃഷ്ടി. 1966 -ൽ സാങ്കേതികമായി മലയാള സിനിമ പക്വമായ യൗവ്വനം കൈവരിക്കുന്ന കാഴ്ച നാം കാണുന്നു .

മീൻപിടുത്തക്കാരനായ ചെമ്പൻകുഞ്ഞിൻറെ (കൊട്ടാരക്കര ശ്രീധരൻ നായർ) മകളാണ് കറുത്തമ്മ (ഷീല). അവൾ മത്സ്യക്കച്ചവടക്കാരനായ പരീക്കുട്ടിയുമായി (മധു) പ്രണയത്തിലാണ്. ഒരു വള്ളവും വലയും സ്വന്തമാക്കുക എന്നത് മാത്രമാണ് ചെമ്പൻകുഞ്ഞിന്റെ ജീവിതലക്ഷ്യം. ഈ സ്വപ്നം സാക്ഷാത്കരിക്കാൻ പരീക്കുട്ടി ചെമ്പൻകുഞ്ഞിന് പണം നൽകുന്നു. വള്ളത്തിൽ കരയിലെത്തുന്ന മൽസ്യം അയാൾക്ക് മാത്രമേ വിൽക്കാവൂ എന്ന വ്യവസ്ഥയിലാണ് ഇത്. കറുത്തമ്മയുടെ അമ്മ ചക്കി ( അടൂർ പങ്കജം ), പരീക്കുട്ടിയുമായുള്ള മകളുടെ ബന്ധത്തെക്കുറിച്ച് മനസ്സിലാക്കുന്നു. കർശനമായ സാമൂഹിക പാരമ്പര്യത്തിന്റെ അതിരുകളെ കുറിച്ച് മകളെ ഓർമ്മിപ്പിക്കുന്നു. പ്രണയബന്ധത്തിൽ നിന്ന് വിട്ടുനിൽക്കാൻ മുന്നറിയിപ്പ് നൽകുന്നു. പൈതൃക വിശ്വാസങ്ങളുടെ പാവനത്വം അവരെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ മൂല്യമാണ് .

ഒരു വള്ളവും വലയും സ്വന്തമാക്കിയ ചെമ്പൻകുഞ്ഞ് പെട്ടെന്ന് അത്യാഗ്രഹിയും

ഫിലിം വിഷൻ
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

ഹൃദയശൂന്യനുമായിമാറുന്നു. പരീക്കുട്ടിക്ക് മീൻ കൊടുക്കുന്നില്ല കടം തിരികെ വീട്ടുന്നുമില്ല. ഇതിനിടെ തന്റെ സമുദായത്തിൽ പെട്ട പളനിയെ ( സത്യൻ ) മകളുടെ ഭർത്താവായി തീരുമാനിക്കുന്നു . കുടുംബത്തിന് മുന്നിൽ കറുത്തമ്മയ്ക്ക് പരീക്കുട്ടിയോടുള്ള സ്നേഹം ത്യജിക്കേണ്ടിവന്നു. അങ്ങനെ കറുത്തമ്മയ്ക്ക് അനാഥനായ പളനിയെ വിവാഹം കഴിക്കേണ്ടിവന്നു. വിവാഹത്തെത്തുടർന്ന്, ചക്കിയുടെ പെട്ടെന്നുള്ള അസുഖവും ചെമ്പൻകുഞ്ഞിൻറെ അഭ്യർത്ഥനയും വകവയ്ക്കാതെ കറുത്തമ്മ ഭർത്താവായ പളനിയോടൊപ്പം അവന്റെ ഗ്രാമത്തിലേക്ക് പോകുന്നു. കോപാകുലനായ ചെമ്പൻകുഞ്ഞ് കറുത്തമ്മയെ ശപിച്ചു.

കടം കൊടുത്ത പണം തിരിച്ചുകിട്ടാതായപ്പോൾ പരീക്കുട്ടിയുടെ കച്ചവടം തകർന്നു. അയാൾ പാപ്പരായി. ഭാര്യയുടെ മരണശേഷം ചെമ്പൻകുഞ്ഞ് താൻ ആദ്യമായി വള്ളം വാങ്ങിയ അച്ചൻകുഞ്ഞിന്റെ ( എസ്. പി.പിള്ള ) വിധവയായ നല്ലപെണ്ണിനെ ( അടൂർ ഭവാനി ) വിവാഹം കഴിച്ചു. ചെമ്പൻകുഞ്ഞിന്റെ ഇളയ മകളായ പഞ്ചമി രണ്ടാനമ്മയെയും മകനെയും വെറുക്കുന്നു .



പഞ്ചമിയുടെ നിരന്തരമായ അപമാനം സഹിക്കവയ്യാതെ നല്ലപെണ്ണിൻറെ മകൻ മെച്ചപ്പെട്ട ജീവിതം തേടി നാടുവിടാൻ തീരുമാനിക്കുന്നു.

നല്ലപെണ്ണ് ചെമ്പൻകുഞ്ഞിന്റെ സമ്പാദ്യത്തിൽ നിന്ന് പണം മോഷ്ടിച്ച് മകന് നൽകുന്നു. പഞ്ചമി ഇത് കണ്ടെത്തി ചെമ്പൻകുഞ്ഞിനെ അറിയിക്കുന്നു. അയാൾ നല്ലപെണ്ണിനെ വീട്ടിൽ നിന്ന് പുറത്താക്കി. ജീവിതത്തിൽ നേരിട്ട തിരിച്ചടികൾ കാരണം മാനസികനില തെറ്റിയ ചെമ്പൻകുഞ്ഞ് ഭ്രാന്തനായി. അച്ഛന്റെ ഭ്രാന്തിൽ പരിഭ്രാന്തയായ പഞ്ചമി കറുത്തമ്മയുടെ അടുക്കൽ പോകാൻ വീടുവിട്ടിറങ്ങി.

പളനിക്ക് കറുത്തമ്മ നല്ലൊരു ഭാര്യയായി. പക്ഷേ പരീക്കുട്ടിയോടുള്ള അവളുടെ പഴയ പ്രണയത്തെക്കുറിച്ചുള്ള അപവാദം ഗ്രാമത്തിൽ പരന്നു. പളനിയുടെ സുഹൃത്തുക്കൾ അയാളെ തൊഴിൽക്കൂട്ടത്തിൽ നിന്ന് പുറത്താക്കി. അവർ പളനിയെ മത്സ്യബന്ധനത്തിന് കൂടെകൊണ്ടുപോയില്ല. എന്നാൽ കറുത്തമ്മയുടെ പിന്തുണയോടെ പളനി ഒരു വഞ്ചിയിൽ ഒറ്റയ്ക്ക് കടലിൽ മീൻ പിടിക്കാൻ പോകുന്നു . രാത്രിയായാൽ കടപ്പുറത്തിരിക്കുന്ന വഞ്ചികളിലൊന്ന് ആരുമറിയാതെ എടുക്കാം. കടലിൽ പോകാം. മീൻപിടിക്കാം. നേരം പുലരും മുൻപേ മീനുമായി കരയ്ക്കെത്താം. വഞ്ചി പഴയ സ്ഥാനത്തു വെയ്ക്കുകയും ചെയ്യാം. അങ്ങനെ അവരുടെ ജീവിതം മെല്ലെ മെച്ചപ്പെട്ടു. കറുത്തമ്മ ഒരു പെൺകുഞ്ഞി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

നെ പ്രസവിച്ചു.

പളനിയ്ക്ക് ആദ്യം കറുത്തമ്മയോട് സ്നേഹമായിരുന്നു. വിശ്വാസമായിരുന്നു. പക്ഷേ ഗ്രാമവാസികളുടെ നിരന്തരമായ പരിഹാസങ്ങൾ മെല്ലെ അവന്റെ മനസ്സിൽ സംശയത്തിന്റെ വിത്തുകൾ പാകാൻ തുടങ്ങുന്നു. രാത്രിയിൽ കറുത്തമ്മയുടെ കൂടെ പളനിയില്ലല്ലോ. അവിടെയെത്തിയ പഞ്ചമിയോട് പരീക്കുട്ടിയെ കുറിച്ച് കറുത്തമ്മ അന്വേഷിക്കുന്നത് കേട്ടപ്പോൾ, പളനിക്ക് കലിയിളകി. കറുത്തമ്മ വഞ്ച കിയാണെന്ന് ആരോപിച്ച് രാത്രിയിൽ കടലിൽ പോയി. നിഷ്കളങ്കയായ കറുത്ത മ്മയ്ക്ക് നിരാശ തോന്നി. ജീവിതം കൈവിട്ടുപോകുന്ന അവസ്ഥ. അവൾ നിശ ബ്ദമായി നീറിപുകഞ്ഞു.

ആ രാത്രി അവിടെ പരീക്കുട്ടിയെത്തുന്നു. കറുത്തമ്മയും പരീക്കുട്ടിയും അവരുടെ പഴയ പ്രണയത്തിൽ അലിഞ്ഞു. ഒറ്റയ്ക്ക് കടലിൽ മീൻപിടിക്കാൻ പോയ പളനിയുടെ ചൂണ്ടയിൽ ഒരു സ്രാവ് കുരുങ്ങി. വലിയ സ്രാവിനെ വലിച്ചുകേറ്റാൻ പളനിക്ക് കഴിയുന്നില്ല. സ്രാവ് ചൂണ്ടയും വലിച്ചു കൊണ്ട് രക്ഷപ്പെടാൻ പായുകയാണ്. പളനിക്ക് വാശിയായി. വിട്ടുകൊടുക്കാൻ തയ്യാറല്ല. ചൂണ്ടയും അതുപിടിച്ച പളനിയും വഞ്ചിയും ഒഴുക്കിൽപ്പെട്ട് നീങ്ങി. ഒരു വലിയ ചുഴിയിൽ അകപ്പെട്ടു. പിറ്റേന്ന് രാവിലെ കടപ്പുറത്ത് കറുത്തമ്മയെയും പരീക്കുട്ടിയെയും കൈകൾ ബന്ധിച്ച് മരിച്ച നിലയിൽ കരയിൽ കണ്ടെത്തി. അല്പമ കലെ പഴനിയുടെ ചൂണ്ടയിൽ കുരുങ്ങിയ സ്രാവിന്റെ ജഡവും കാണപ്പെട്ടു ...




ചെമ്മീൻ സിനിമ റിലീസ് ചെയ്തത് 1966 -ൽ. സെൻസർ ചെയ്തത് 1965 -ലാണ്. മല യാള സിനിമാ വ്യവസായത്തിലെ സാമ്പ ത്തിക വിജയത്തിൻറെ വൻവേലിയേറ്റം ഈ സിനിമ സൃഷ്ടിച്ചു. 1965- ലെ മികച്ച ചിത്രത്തിനുള്ള ഇന്ത്യൻ പ്രസിഡന്റിന്റെ സ്വർണ്ണ മെഡൽ നേടിയ ആദ്യത്തെ ദക്ഷിണേന്ത്യൻ സിനിമയുമായി. വിവിധ അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ പ്രദർശി പ്പിച്ചു. കാൻ, ഷിക്കാഗോ മേളകളിൽ അവാർഡുകൾ നേടി. ഐബിഎൻ ലൈ വിന്റെ ഏറ്റവും മികച്ച 100 ഇന്ത്യൻ ചിത്രങ്ങളുടെ പട്ടികയിൽ ചെമ്മീനുമുണ്ട്. ഹിന്ദിയിൽ ലാഹ്റൻ എന്ന പേരിലും ഇംഗ്ലീഷിൽ ദി ആംഗർ ഓഫ് ദ സീ എന്ന പേരിലും മൊഴിമാറ്റം നടത്തി പ്രദർശിപ്പിച്ചു. മലയാള സിനിമയുടെ ഈ രണ്ടാമത്തെ വഴിത്തിരിവിലും മധു എന്ന കൽക്കണ്ട നക്ഷത്രമുണ്ട്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

**സ്വയംവരം / 1972 / 131 മിനിറ്റ് / സംവിധാനം - അടൂർ ഗോപാലകൃഷ്ണൻ**

മലയാള സിനിമയുടെ ചരിത്രപഥത്തിലെ മൂന്നാമത്തേതും സുപ്രധാനവുമായ ദിശാമാറ്റമാണ് 1972 -ലെ സ്വയംവരം എന്ന സിനിമ . ഇത് മലയാള സിനിമയിലെ നവതരംഗ സിനിമാ പ്രസ്ഥാനത്തിന് അല്ലെങ്കിൽ സമാന്തരമായ മുന്നേറ്റത്തിന് തുടക്കമിട്ടു. സത്യജിത് റായിയുടെയും ഋത്വിക് ഘട്ടക്കിന്റെയും പാതയിലൂടെ ചുവടുവെച്ച ഈ സിനിമ വാണിജ്യ ഘടകങ്ങളെ പൂർണ്ണമായും ഒഴിവാക്കി ചലച്ചിത്രകലയെ അതിൻറെ ശുദ്ധമായ ക്ളാസിക്കൽ പാതയിലേക്ക് വഴിതിരിച്ചുവിട്ടു. അങ്ങനെ മലയാളത്തിന് സർഗ്ഗാത്മകവും സ്വതന്ത്രവുമായ അസ്തിത്വം ദേശീയതലത്തിൽ നേടിക്കൊടുത്ത ഈ ചിത്രത്തിലും മധു നായകനായി . സാമൂഹിക പ്രസക്തിയുള്ള പ്രമേയങ്ങൾ പര്യവേക്ഷണം ചെയ്യുന്ന ഇന്ത്യൻ നിയോറിയലിസം ഇറ്റാലിയൻ നിയോറിയലിസത്തിന്റെ പിന്തുടർച്ചയാണെന്നു പറയാം. ആ ധാര സാധാരണക്കാരുടെ ദൈനംദിന ജീവിതത്തെയും അതിജീവന പോരാട്ടങ്ങളെയും ചിത്രീകരിക്കുന്നു. ഗ്രാമ - നഗര ജീവിതത്തിന്റെയും ദാരിദ്ര്യത്തിന്റെയും സാമൂഹിക അനീതിയുടെയും മറ്റ് സാമൂഹിക പ്രശ്നങ്ങളുടെയും നഗ്നയാഥാർത്ഥ്യങ്ങളെ പകർത്തുന്നു. വിപുലമായ സ്റ്റുഡിയോ സജ്ജീകരണങ്ങളേക്കാൾ യഥാർത്ഥ ലൊക്കേഷനുകളും ക്രമീകരണങ്ങളും സ്വീകരിക്കുന്നതിനാൽ സമാന്തര സിനിമകൾക്ക് ആധികാരികവും എന്നാൽ പരുക്കനുമായ അനുഭവം നൽകി. മിക്കവാറും പ്രൊഫഷണൽ അല്ലാത്ത അഭിനേതാക്കളെ, പലപ്പോഴും സിനിമകൾ ചിത്രീകരിച്ച പ്രദേശങ്ങളിൽ നിന്നുതന്നെയുള്ള നാട്ടുകാരെയാണ് കഥാപാത്രങ്ങളാക്കുന്നത്. ഈ കഥാപാത്രങ്ങൾ നിയോറിയലിസ്റ്റിക് അനുഭവത്തിന് വഴിയൊരുക്കുന്നു.

ഇന്ത്യൻ നിയോറിയലിസ്റ്റ് സിനിമകൾ പലപ്പോഴും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ വിഷയങ്ങളിൽ അഭിപ്രായം പറയുന്നതിനുള്ള ഒരു വേദിയായി വർത്തിച്ചു. ദാരിദ്ര്യം, വർഗ വിഭജനം, അഴിമതി, വിവേചനം തുടങ്ങിയ വിഷയങ്ങൾ അഭിസംബോധന ചെയ്തു.

ഗ്ലാമറിസവും അതിശയോക്തിപരവുമായ ദൃശ്യങ്ങളും ഒഴിവാക്കിക്കൊണ്ട് തികച്ചും സാധാരണമായ മിനിമലിസ്റ്റിക് രീതി അവലംബിക്കുന്നു. ഇത് അസംസ്കൃതവും കൃത്രിമഭംഗിയില്ലാത്തതുമായ ശൈലിയിൽ കഥ പറയുന്നതിൽ കേന്ദ്രീകരിക്കുന്നു.

സത്യജിത് റേ, ഋത്വിക് ഘട്ടക്, മൃണാൾ സെൻ, ശ്യാം ബെനഗൽ തുടങ്ങിയവർ ഇന്ത്യൻ നിയോറിയലിസവുമായി ബന്ധപ്പെട്ട പ്രമുഖ ചലച്ചിത്രകാരന്മാരാണ്. സത്യജിത് റായിയുടെ അപുത്രയത്തിൻറെ ഭാഗമായ "പഥേർ പാഞ്ജലി"യും (1955), ഋത്വിക് ഘട്ടക്കിന്റെ " സുവർണ്ണരേഖ "യും (1960) ഈ പ്രസ്ഥാനത്തിൻറെ പ്രതീകാത്മക സിനിമകളിൽ ഉൾപ്പെടുന്നു. ഇന്ത്യൻ സിനിമയുടെ കൂടുതൽ ഗൗരവമേറിയതും സാമൂഹിക ബോധമുള്ളതുമായ ഒരു ധാരയെ വെളിച്ചപ്പെടുത്തുന്നതിൽ ഇന്ത്യൻ നിയോറിയലിസം

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

നിർണായക പങ്ക് വഹിച്ചു. മുഖ്യധാരാ ബോളിവുഡ് ചിത്രങ്ങളുടെ പൊതുസ്വഭാവമായ പലായന - മെലോഡ്രാമാറ്റിക് പ്രമേയങ്ങളിൽ നിന്നുള്ള വ്യതിചലനമായിരുന്നു ഇത്. 1980-കളിൽ നിയോ റിയലിസ്റ്റ് പ്രസ്ഥാനം മങ്ങിമാഞ്ഞെങ്കിലും അതിന്റെ സ്വാധീനം സമകാലിക ഇന്ത്യൻ ചലച്ചിത്രകാരന്മാരുടെ സൃഷ്ടികളിൽ കാണാൻ കഴിയും. മധ്യവർഗത്തിന്റെ ധാർമ്മിക പ്രതിസന്ധിയിലേക്കാണ് സ്വയംവരം കടന്നുചെല്ലുന്നത്. അവിവാഹിതരായ യുവ ദമ്പതികൾ, വിശ്വനും ( മധു ) സീതയും ( ശാരദ ) തീവ്രപ്രണയത്തിലായി. ഒരുമിച്ച് ജീവിക്കാൻ ഒരു ചെറിയ പട്ടണത്തിലേക്ക് രക്ഷപ്പെടുന്നു. പരമ്പരാഗത മാനദണ്ഡങ്ങളും എതിർപ്പുകളും ലംഘിച്ച്, സ്വപ്നങ്ങൾ സഫലീകരിക്കാൻ ഇറങ്ങിപ്പുറപ്പെടുന്ന അവർ മെല്ലെ ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നു .

സ്വപ്നത്തിനും പേടിസ്വപ്നത്തിനുമിടയിൽ, ആദർശവും സാഹചര്യവും തമ്മിലുള്ള പോരാട്ടത്തിനിടയിൽ, പ്രണയം നഷ്ടപ്പെടുമോ എന്ന ഭയം അവരെ നിരന്തരം വേട്ടയാടുന്നു. സമൂഹത്തിൽ ലൗകിക ആവശ്യങ്ങളുടെ സമ്മർദ്ദം മൂലമുണ്ടാകുന്ന മനഃസാക്ഷിയുടെ സംഘർഷവും മാനുഷികതയുടെ മങ്ങലും ആത്മീയ അപചയവും ഒക്കെ സ്വയംവരത്തിലും കാണാം. സ്വയംവരം എന്നാൽ സ്ത്രീയുടെ സ്വതന്ത്രമായ, ഇഷ്ടമനുസ്സരിച്ചുള്ള തിരഞ്ഞെടുപ്പാണ്. പക്ഷെ സീതയുടെ ഈ തിരഞ്ഞെടുക്കൽ വിധിവൈപര്യത്തിലേക്കാണ് നയിക്കുന്നത് .

വിദ്യാസമ്പന്നനും തൊഴിൽരഹിതനുമായ വിശ്വം ഒരു എഴുത്തുകാരനാണ്. ചില ചെറുകഥകൾ നേരത്തെ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. നിർവൃതി എന്ന നോവൽ പത്രത്തിൽ പ്രസിദ്ധീകരിക്കുമെന്ന് സ്വപ്നം കാണുന്നു. പത്രത്തിന്റെ എഡിറ്റർമാരിൽ ഒരാളെ അദ്ദേഹം കണ്ടുമുട്ടുന്നു, അദ്ദേഹം നോവൽ വായിക്കാൻ സമ്മതിക്കുന്നുവെങ്കിലും അത് പ്രസിദ്ധീകരിക്കാൻ വിസമ്മതിച്ചു.

സീതയ്ക്ക് സെയിൽസ് ഗേളായി ജോലി കിട്ടുമെങ്കിലും സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കാൻ കഴിയാത്തതിനാൽ ജോലി ലഭിക്കുന്നില്ല. ജോലി നേടാനുള്ള നിരവധി ശ്രമങ്ങൾ പരാജയപ്പെട്ടതോടെ, സാമ്പത്തിക പ്രശ്നം മൂലം ഹോട്ടൽ മുറി ഒഴിഞ്ഞ് ഒരു ചേരിയിലേക്ക് മാറുന്നു . ജാനകി എന്ന വൃദ്ധയും ( അടൂർ പങ്കജം ) കല്യാണി എന്ന വേശ്യയും ( കെ .പി .എ .സി . ലളിത ) അവരോട് സഹാനുഭൂതിയുള്ള അയൽവാസികളാണ്. ദമ്പതികൾ ആഗ്രഹിച്ചതു പോലെ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ സീതയുടെ ആഭരണങ്ങൾ വിൽക്കുന്നു. വിശ്വം ഒരു ട്യൂട്ടോറിയൽ സ്ഥാപനത്തിൽ സുവോളജി അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. പക്ഷേ താമസിയാതെ ആ ജോലിയും നഷ്ടപ്പെടുന്നു. തുടർന്ന് പിരിച്ചുവിട്ട ജീവനക്കാരന് പകരമായി തുച്ഛമായ ശമ്പളത്തിൽ ഒരു തടിക്കടയിലും ഗുമസ്തപ്പണി ചെയ്യുന്നു. അവർക്ക് ഒരു കുഞ്ഞുണ്ടായി. അതോടെ ജീവിതത്തിൽ പുതിയ പ്രതീക്ഷകൾ വിടർന്നു. എന്നാൽ താമസിയാതെ അവരുടെ സ്വപ്നങ്ങൾ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

മങ്ങുന്നു. വിശ്വം രോഗബാധിതനാകുന്നു . സീതയാവട്ടെ അയാളെ രക്ഷിക്കുവാനുള്ള ശ്രമത്തിലാണ് . പക്ഷേ പലപ്പോഴും മരുന്നു വാങ്ങാൻ കഴിയുന്നില്ല. ഒടുവിൽ വിശ്വം മരിക്കുന്നു.

ഒറ്റപ്പെട്ടുപോയ സീതയോട് കൈക്കുഞ്ഞുമായി മാതാപിതാക്കളുടെ അടുത്തേക്ക് മടങ്ങാൻ അയൽക്കാർ ഉപദേശിച്ചപ്പോൾ അവൾ നിരസിച്ചു. ഏതോ ഒരു നിശ്ചയദാർഢ്യം അവളുടെ മുഖത്ത് കനത്തു .

സീത കുഞ്ഞിന് പാൽകൊടുത്ത് ഉറക്കുമ്പോൾ ഏതോ ചിന്തകൾ മനസ്സിൽ കടന്നുപോകുന്നു. അടച്ചിട്ട വാതിലിലെ സാക്ഷയും ഭിത്തിയിലെ ചിത്രവും അവൾ ശ്രദ്ധിക്കുന്നു. ചിത്രത്തിൽ രാമായണത്തിലെ സീതാ സ്വയംവരം. തൊട്ടടുത്ത് അടച്ചിട്ട വാതിൽ. അവളുടെ നോട്ടത്തിൽ ദൃഢനിശ്ചയം ...!

അക്കാലത്തെ സിനിമകളിലെ അവിഭാജ്യ ചേരുവകളായ പാട്ടും നൃത്തവും ഹാസ്യവും മെലോഡ്രാമയുമൊക്കെ ഈ സിനിമയിൽ ഉൾപ്പെടുത്തിയിരുന്നില്ല. അവതരണത്തിൽ അക്കാലത്തു മലയാള പ്രേക്ഷകർക്ക് അജ്ഞാതമായിരുന്ന സാധ്യതകളെ പരിചയപ്പെടുത്തി. കഥപറച്ചിലിനേക്കാൾ പ്രധാനമായി സിനിമ എന്ന കലാരൂപത്തിൻറെ അനിവാര്യമായ സിനിമാറ്റിക് അന്തരീക്ഷത്തെ സ്ക്രീനിൽ പരിപാലിച്ചു. സ്വാഭാവിക ശബ്ദക്രമീകരണവും യാഥാർഥ്യപ്രതീതി ഉൽപ്പാദിപ്പിക്കുന്ന ഔട്ട്ഡോർ ലൊക്കേഷനുകളും ഉചിതമായി ഉപയോഗിക്കുന്ന ആദ്യത്തെ മലയാളസിനിമയാണിത്. അവശ്യ



സന്ദർഭങ്ങളിൽ വൈവിധ്യമാർന്ന പരിസര ശബ്ദങ്ങളെ അർത്ഥസൂചകമാക്കുന്ന ആദ്യത്തെ ഇന്ത്യൻ സിനിമയും സ്വയംവരമാണ് . കൂടാതെ കേരളത്തിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന് തുടക്കം കുറിച്ച ചിത്രലേഖയുടെ നിർമ്മാണ സംരംഭവുമാണ് .

1973- ലെ ഇരുപതാമത് ദേശീയ ചലച്ചിത്ര അവാർഡുകളിൽ മികച്ച ഫീച്ചർ ഫിലിം, മികച്ച സംവിധാനം (അടൂർ ഗോപാലകൃഷ്ണൻ), മികച്ച ഛായാഗ്രഹണം ( മങ്കട രവിവർമ്മ ), മികച്ച നടി ( ശാരദ ) എന്നിങ്ങനെ നാല് ദേശീയ ചലച്ചിത്ര അവാർഡുകൾ നേടി. മോസ്കോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ പോലെ ലോകമെമ്പാടുമുള്ള വിവിധ ഫിലിം ഫെസ്റ്റിവലുകളിൽ ഇത് പ്രദർശിപ്പിച്ചു. ഇന്നും ചലച്ചിത്ര സാക്ഷരത തേടുന്നവർക്കായി ഫിലിം സൊസൈറ്റികളിലും ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങളിലും പ്രദർശനം തുടരുകയും ചെയ്യുന്നു .

സ്വയംവരത്തിലെ നായകൻ മധു മലയാള സിനിമയുടെ മൂന്നാമത്തേതും സുപ്രധാനവുമായ വഴിത്തിരിവിലെ നക്ഷത്രമായി ശോഭിക്കുകയും ചെയ്യുന്നു .

● ● ●

ഫിലിം വിഷൻ
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

# അഭ്രപാളികളിലെ മധുരം

പുഷ്പൻ ദിവാകരൻ
( SICA- ഡോക്യുമെന്ററി സംവിധായകൻ, ക്യാമറാമാൻ )



മധുവെന്ന മഹാനടന്റെ കൂടെയായിരുന്നു ഞാൻ. സിനിമയെന്ന സ്വപ്നവും അതിൽ ക്യാമറയോടുള്ള അടങ്ങാത്ത ഇഷ്ടവുമൊക്കെയായി അദ്ദേഹത്തിന്റെ ഉമാ സ്റ്റുഡിയോയിൽ പ്രവർത്തിക്കുന്ന കാലം. മധുസാർ അന്ന് നടൻ മാത്രമല്ല, ഒരു നല്ല സംവിധായകനും നിർമ്മാതാവും ഒക്കെയാണ്. എത്തിച്ചേരാൻ പറ്റിയ മേഖലയിൽ തികച്ചും സംതൃപ്തമായ ജോലികളിലൂടെ കടന്നു പോകുമ്പോൾ അതിൽ കൂടുതൽ മോഹങ്ങളോ സ്വപ്നങ്ങളോ എനിക്കില്ലായിരുന്നു.

വലിയ വലിയ ലജൻഡുകളായ ടെക്നീഷ്യൻമാർക്കൊപ്പം മധു സാർ സിനിമകൾ സജീവമായി ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ഒരു സിനിമ - ഉദയം പടിഞ്ഞാറ്-. അമേരിക്കയിൽ വച്ച് ഷൂട്ട് ചെയ്യുന്നു. അന്ന് അതിന്റെ ക്യാമറാമാനായ ജയാനൻ വിൻസന്റിനൊപ്പം അദ്ദേഹം എന്നേയും കൂടെ കൊണ്ട് പോയി. എന്നെ സംബന്ധിച്ചിടത്തോളം അതൊരു വിശ്വാസത്തിന്റെ അനുഗ്രഹമായിരുന്നു. വല്ല കാരണവശാലും ക്യാമറാമാന് ഒന്നു നാട്ടിലേക്ക് വരേണ്ടി വന്നാൽ പുഷ്പൻ അത് ചെയ്തു കൊള്ളും എന്ന അദ്ദേഹത്തിന്റെ വിശ്വാസം. അത് എന്നിലുണ്ടാക്കിയ മാറ്റവും ആത്മവിശ്വാസവും ചെറുതൊന്നുമയിരുന്നില്ല.




അത് കഴിഞ്ഞൊരു ചാനൽ ഇന്റർവ്യൂവിൽ അദ്ദേഹം ഇത് പറയുകയും എന്നിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ വിശ്വാസം എത്ര വലുതായിരുന്നു എന്ന് എനിക്ക് ബോദ്ധ്യപ്പെടുകയും ചെയ്തു. അതൊരു താമ്രപ്രതം പോലെ അവാർഡ് പോലെ ഞാൻ അന്നും ഇന്നും മനസ്സിൽ കൊണ്ട് നടക്കുകയാണ്. ഇന്ന് പുഷ്പൻ ദിവാകരൻ എന്ന ഒരു ക്യാമറാമാൻ ഈ രംഗത്ത് നിലനിൽക്കുന്നത് ആ വാക്കുകൾ തന്ന ഊർജ്ജത്തിലും ആത്മവിശ്വാസത്തിലുമാണ്. അന്ന് മനസ്സിൽ ഞാൻ കുറിച്ചിട്ട ഗുരുദക്ഷിണയാണ് ഈ അശഭ്രപാളികളിലെ മധുരം എന്ന ഡോക്യുമെന്ററി.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ഒരു ക്യാമറാമാനായ എനിക്ക്നൽകാൻ കഴിയുന്ന ഗുരുദക്ഷിണ ഒരു

ദൃശ്യാനുഭൂതിയല്ലാതെ മറ്റെന്താണ്. മധു എന്ന സിനിമാ വിസ്മയത്തിന്റെ ജൈത്രയാത്രയുടെ ഓരോ നിമിഷങ്ങൾ കോർത്തിണക്കി സിനിമാ രംഗത്തെ സഹ്പ്രതിഭകളുടെ സാന്നിദ്ധ്യത്തോടും ഓർമ്മക്കുറിപ്പുകളോടും കൂടി ഈ മധുരത്തിന്റെ ഓരോ തുള്ളികളും നിങ്ങൾക്കു കൂടി പങ്കിടുകയാണ് ഞാൻ. അത് ആസ്വദിച്ച് രുചിച്ച സിനിമാ പ്രവർത്തകരും സുഹൃത്തുക്കളും അഭിനന്ദിച്ചപ്പോൾ കിട്ടിയ ആത്മ നിർവൃതിയേക്കാൾ വലുതല്ല, മറ്റൊന്നും.


• • •



# MADHU FILM Fest

18.NOV. SATURDAY 2023









ഫിലിം വിഷൻ
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA





# എ. വിൻസെൻറ്, ഭാർഗവി നിലയം

- ബീന മാത്യു
( ഫിൽക്ക ഫിലിം സൊസൈറ്റി )

മധു അഭിനയിച്ച ഭാർഗവീ നിലയം സംവിധാനം ചെയ്ത അലോഷ്യസ് വിൻസെൻറ് ഇൻഡ്യൻ സിനിമ ചരിത്രത്തിൽ പത്തിരുപത്തേഴു വർഷം സമുന്നതനായ ഛായാഗ്രാഹകനും സംവിധായകനും ആയിരുന്നു.

മലയാളത്തിൽ മാത്രമല്ല തമിഴ്, തെലുങ്ക്, ഹിന്ദി സിനിമ മേഖലകളിലും കർമ നിരതനായിരുന്നു.

പ്രേക്ഷകഹൃദയങ്ങളിൽ മാഞ്ഞുപോകാതെ പതിഞ്ഞ ഭാർഗവീനിലയം(1964), മുറപ്പെണ്ണ്, നദി(1969)- അങ്ങനെ 1960 - കളുടെ മധ്യത്തിൽ മുപ്പതോളം സിനിമകൾ സംവിധാനം ചെയ്തു.

1969 - ൽ നദി എന്ന സിനിമക്ക് മികച്ച സംവിധായകനുള്ള അവാർഡ് കരസ്ഥമായി. രാജേഷ് ഖന്ന നായകനായ പ്രേം നഗർ (1974) നും മികച്ച ഛായാഗ്രാഹകനുള്ള അവാർഡ് കരസ്ഥ മാക്കി. 2003ൽ ഇൻഡ്യൻ സൊസൈറ്റി ഓഫ് സിനിമറ്റോഗ്രാഫേഴ്സിൻറെ ഓണററി അവാർഡിനും അർഹനായി. 1996ൽ ജെ.സി. ഡാനിയേൽ അവാർഡും ലഭിക്കുകയുണ്ടായി.

ആദ്യകാലത്ത് ഛായാഗ്രാഹകനായി കമൽ ഘോഷിൻറെ കീഴിലും ജമിനി സ്റ്റുഡിയോയുടെ ബന്ധത്തിലും പരിശീലനം ലഭിച്ചു. ഇത് തമിഴ് സിനിമ മേഖലയിൽ കഴിവ് മെച്ചപ്പെടുത്താൻ സഹായകമായി.

ശിവാജി ഗണേശൻ നായകനായ ഉത്തമ പുരിതൻ, സി.വി. ശ്രീധരനുമായി ചേർന്നെടുത്ത കല്യാണപരിശ്, നെഞ്ചിലൊരാലയം,കാതിലിക്ക് നേരമില്ലൈ, സുമിതാംഗി, നിലാവ് എന്നീ ചിത്രങ്ങൾ എടുക്കുകയും ചെയ്തു.

പിന്നീട് ഫ്രീലാൻസർ ആയി മലയാളത്തിലും തെലുങ്കിലും പേരെടുത്തു. തെന്നിന്ത്യൻ സിനിമകളിലും ഹിന്ദിയിലും ഛായാഗ്രാഹകനായി.

1938ൽ ബാലനിൽ (ബാലനായി) അഭിനയിച്ചു. നീലക്കുയിൽ എന്ന ചിത്രത്തിൻറെ ഛായാഗ്രഹണം നിർവഹിച്ച എ. വിൻസെൻറ് ജനുവരി 14, 1928 ൽ കോഴിക്കോട് (മദ്രാസ് പ്രസിഡൻസി, ബ്രിട്ടീ ഷ് ഇൻഡ്യ) ജനിച്ചു. ഛായാഗ്രഹണ ത്തിൻറെ ആദ്യ പാഠം ഛായാഗ്രാഹകനായ പിതാവിൽ നി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA



ന്നാണ് പഠിച്ചത്. 19- മത്തെ വയസ്സിൽ താൽപര്യം പൂർണ്ണമായും ഛായാഗ്രഹണ ത്തിലായി.

തെലുങ്കു സിനിമ ബ്രദുകു തെരുവ്(1953) ആയിരുന്നു ആദ്യമായി സ്വയം എടുത്ത സിനിമ. തുടർന്ന് സംവിധായകനായി പേരെടുത്ത മലയാള സിനിമയാണ് ഭാർഗ വീനിലയം(1964).

ഛായാഗ്രഹണത്തിന്റെ ശൈശവദശയിൽ തന്നെ വിൻസെൻറ് പരീക്ഷണങ്ങൾ നടത്തി. തെന്നിന്ധ്യൻ സിനിമ ലോകം കണ്ടിട്ടില്ലാത്ത ഭേദഗതി വരുത്തി ദൃശ്യങ്ങളിൽ രൂപഭംഗി സൃഷ്ടിച്ചു.

2003 - ൽ ഇൻഡ്യൻ സൊസൈറ്റി ഓഫ് സിനിമറ്റോഗ്രാഫി കെ.കെ മഹാജനും, വി.കെ മൂർത്തിക്കും ഒപ്പം വിൻസെ ൻറിനും ഓണററി മെമ്പർഷിപ്പ് നൽകി ആദരിച്ചു.

150 - ലേറെ ചിത്രങ്ങൾക്ക് ഛായാഗ്രഹ കനായി. ഛായാഗ്രഹണം നിർവഹിച്ച പ്രേംനഗർ(1975) ഫിലിം ഫെയർ അ വാർഡിന് അർഹനായി. നെഞ്ചം മറപ്പ തില്ലൈ(1963), ദിൽ ഏക്ക് മന്ദിർ(1963), കാതലിക്ക് നേരമില്ലൈ (1964),തച്ചോളി ഒതേനൻ(1964), പെല്ലിക ണുക(1960) എന്നിവയ്ക്കും ക്യാമറാമാൻ ആയി.

അവസാനമായി ഛായാഗ്രാഹകനായത് 1997ൽ എടുത്ത തെലുങ്ക് ചിത്രം അണ്ണാമയേ ആണ്.


ഇരുപത്തിയേഴ് വർഷങ്ങൾ സിനിമയുടെ ദൃശ്യസാങ്കേതിക കർമത്തിൽ ശ്രദ്ധേയനും പ്രശസ്തനുമായി. ബുദ്ധികൂർമ്മത കൂടാ തെ വിശ്വസ്തതയോടെ ചേർന്നിരിക്കാ വുന്ന വ്യക്തിത്വമായിരുന്നു. വൈദഗ്ധ്യ മുള്ള കലാകാരനായി വിൻസെൻറ് പെട്ടെന്ന് ഉയർന്ന് തിരക്കുള്ള ഛായാഗ്രാ ഹകനും സംവിധായകനുമായി മാറി.

എ. വിൻസെൻറ് സംവിധാനം ചെയ്ത മറ്റു മലയാളം ഫീച്ചർ ഫിലിമുകൾ - മുറ പ്പെണ്ണ്, നദി, ഗന്ധർവക്ഷേത്രം, തുലാ ഭാരം,അശ്വമേധം, അച്ചാണി, അനാവര ണം, ആൽമരം, ത്രിവേണി, നഗരമേ നന്ദി, ആഭിജാത്യം, അസുരവിത്ത്, നിഴലാട്ടം, ചെണ്ട, ശ്രീകൃഷ്ണ പരുന്ത്, പ്രിയമുള്ള സോഫിയ, നഖങ്ങൾ, തീർഥയാത്ര എന്നിവ യാണ്. കൂടാതെ അമർദീപ്(1958), മുടിയനായപുത്രൻ(1961), പൗർണമിരാ വിൽ 3D, പൊന്നും പൂവും (1983), നാൻ പിറന്ത മണ്ണ് (1977), ആനപ്പാച്ചൻ (1978) എന്നിവയ്ക്കും സംവിധാനം നിർവഹിച്ചു. സംവിധായകനായ അവസാന ചിത്രം കൊച്ചുതെമ്മാടി(1986) ആണ്. 2015 ഫെ ബ്രുവരി 24 ന് വിൻസെൻറ് 86 വയസ്സി ൽ അസുഖം മൂലം സ്വകാര്യ ഹോസ്പിറ്റ ലിൽ മരണമടഞ്ഞു. ശവസംസ്ക്കാരം സെൻറ് ജോസഫ് ചർച്ച് സൂസൈപുരം, ചെന്നൈ യിൽ നടന്നു. മക്കൾ ജയൻ വിൻസെൻറ്, അജയൻ വിൻസെന്റ് (ഛായാഗ്രാഹകർ).

സിനിമ സാഹോദര്യ സംഘടനകളിൽ വിൻസെൻറ് മാസ്റ്റർ എന്നാണ് അദ്ദേഹം അറിയപ്പെടുന്നതും ഓർമ്മിക്കപ്പെടുന്നതും.

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA



# രാമു കാര്യാട്ട്, ചെമ്മീൻ

അർപ്പണ ( ഫിൽക്ക ഫിലിം സൊസൈറ്റി )

മലയാള സിനിമയിൽ 1950 - കൾ മുതൽ 1970 കൾ വരെ മൂന്നു പതിറ്റാണ്ടു കാലം സ്വന്തം മുദ്ര പതിപ്പിച്ച സംവിധായകനാണ് രാമു കാര്യാട്ട് ( 1 ഫെബ്രുവരി 1927 - 10 ഫെബ്രുവരി 1979 ). മധു നായകനായ ചെമ്മീൻ എന്ന സിനിമയിലൂടെ അദ്ദേഹം ദേശീയതലത്തിലും അന്തർദേശീയ തലത്തിലും പ്രഗത്ഭ ചലച്ചിത്രകാരന്മാരിൽ ഒരാളായി കയ്യൊപ്പ് ചാർത്തി.

ഇടതുപക്ഷ നാടക സംഘമായ കേരള പീപ്പിൾസ് ആർട്സ് ക്ലബ് (കെ.പി.എ.സി.) വഴിയാണ് അദ്ദേഹം തന്റെ കരിയർ ആരംഭിച്ചത്. വിമൽ കുമാർ/പിആർഎസ് പിള്ള എന്നിവരോടൊപ്പം തിരമാല (1953) എന്ന സിനിമയിൽ സഹസംവിധായകനായി അദ്ദേഹം സിനിമകളിൽ അരങ്ങേറ്റം കുറിച്ചു. 1954-ൽ പി.ഭാസ്കരനൊപ്പം സൃഷ്ടിച്ച നീലക്കുയിൽ എന്ന സിനിമയ്ക്ക് മികച്ച മലയാള സിനിമയ്ക്കുള്ള ദേശീയ പുരസ്കാരം നേടി.

ഉറൂബ് രചന നിർവഹിച്ചതും സത്യൻ, മിസ് കുമാരി എന്നിവർ അഭിനയിച്ചതുമായ നീലക്കുയിൽ എന്ന സിനിമ ഒരേസമയം സാമൂഹിക കലാമൂല്യമുള്ളതും വാണിജ്യ വിജയവുമായി . സംവിധാനം, തിരക്കഥ, അഭിനയ പ്രകടനം, സംഗീതം എന്നിവയിൽ ഉണ്ടായിരുന്ന പ്രൊഫഷണൽ സമീപനം ഈ ചിത്രത്തെ മലയാളത്തിലെ ആദ്യത്തെ പക്വതയുള്ള ചിത്രമാക്കി. രാമു കാര്യാട്ടിനൊപ്പം പ്രവർത്തിച്ച സഹസംവിധായകനും ഗാന രചയിതാവുമായ പി.ഭാസ്കരനും ക്യാമറാമാൻ എ.വിൻസെന്റും നീലക്കുയിലിന്റെ പൂർണതയിൽ വലിയ പങ്ക് വഹിച്ചു.

നീലക്കുയിലിന് ശേഷം അദ്ദേഹം സംവിധാനം ചെയ്ത മിന്നാമിനുങ്ങ് (1957) മറ്റൊരു ശ്രദ്ധേയ ചിത്രമാണ്. ഇത് തോപ്പിൽ ഭാസിയുടെ നാടകത്തിന്റെ ചലച്ചിത്ര പതിപ്പായിരുന്നു.

മൂടുപടം (1963) എന്ന സിനിമയ്ക്ക് ശേഷം ചെമ്മീൻ (1965) സംവിധാനം ചെയ്തു. മികച്ച ഫീച്ചർ ഫിലിമിനുള്ള ദേശീയ അവാർഡ് നേടിയ ആദ്യ മലയാള ചിത്രമാണ് ചെമ്മീൻ. ഈ പ്രണയദുരന്ത

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

കഥയിൽ നായകനാണ് മധു. കൂടാതെ സത്യൻ, ഷീല എന്നിവരും അഭിനയിച്ചു. മലയാള സിനിമയിലെ വഴിത്തിരിവായാണ് തകഴിയുടെ നോവലിനെ ആസ്പദമാക്കിയെടുത്ത ചെമ്മീൻ വിലയിരുത്തപ്പെടുന്നത്.

തൃശൂർ ജില്ലയിലെ കടലോര ഗ്രാമമായ ചേറ്റുവയിലായിരുന്നു രാമു കാര്യാട്ടിന്റെ കുട്ടിക്കാലം.

രാമുവിന് നാലാം വയസ്സിൽ അച്ഛൻ കുഞ്ഞയപ്പനെ നഷ്ടപ്പെട്ടതിനാൽ, അദ്ദേഹവും അമ്മ കാർത്ത്യായനിയും ബന്ധുക്കളുടെ കാരുണ്യത്തിൽ ആശ്രയിക്കാൻ കാരണമായതിനാൽ, അദ്ദേഹത്തിന്റെ ബാല്യം ബുദ്ധിമുട്ടുകൾ നിറഞ്ഞതായിരുന്നു. എങ്കിലും രാമുവിനെ സ്കൂളിൽ അയക്കാൻ കാർത്യായനിക്ക് കഴിഞ്ഞു. ഏങ്ങണ്ടിയൂർ എലിമെന്ററി സ്കൂളിലും കണ്ടശ്ശാംകടവ് ഹൈസ്കൂളിലുമായി അദ്ദേഹം പഠിച്ചു.

കള്ള് ചെത്തുകാരും കർഷകരും മത്സ്യത്തൊഴിലാളികളും കയർ തൊഴിലാളികളുമടങ്ങുന്ന ചേറ്റുവയിലെ ഗ്രാമീണരുമായി ഇടപഴകി. അവരെല്ലാം പിന്നീട് തന്റെ സിനിമകളിൽ കഥാപാത്ര പ്രാതിനിധ്യം കണ്ടെത്തി.

ശ്രീനാരായണഗുരു, നടരാജഗുരു, ബോധാനന്ദ സ്വാമികൾ തുടങ്ങിയ ആത്മീയ നേതാക്കളുടെ നീതിചിന്തകളും കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവും ആഴത്തിൽ വേരൂന്നിയിട്ടുള്ള സാമൂഹിക മാറ്റത്തിന്റെ കാലഘട്ടം കൂടിയായിരുന്നു ഇത്. രാമു ഇടതുപക്ഷ പ്രത്യയശാസ്ത്രം പിന്തുടരുകയും ചെയ്തു.



സ്കൂൾ പഠനകാലത്ത് ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വീടുകളിൽ താമസിക്കാനും ഉറങ്ങാനും രാമു ഇഷ്ടപ്പെട്ടിരുന്നു. നല്ലൊരു ഗായകനും വാഗ്മിയും കൂടിയായിരുന്നു അദ്ദേഹം.

ഏങ്ങണ്ടിയൂർ എലിമെന്ററി സ്കൂളിലെ അദ്ധ്യാപകരിൽ ഒരാളായ വി.കെ. വേലുക്കുട്ടി നന്നായി വായിക്കുകയും നാടകങ്ങൾ എഴുതുകയും ചെയ്തിരുന്ന കലാകാരനായിരുന്നു. ഈ അധ്യാപകന്റെ നാടകങ്ങളിലൊന്ന് സ്കൂൾ വാർഷികത്തിന്റെ ഭാഗമായി അവതരിപ്പിക്കാൻ തിരഞ്ഞെടുത്തു, അദ്ദേഹം രാമുവിനെ ഒരു വേഷത്തിനായി തിരഞ്ഞെടുത്തു. തനിക്ക് അഭിനയശേഷി കുറവാണെന്ന് അധ്യാപകനെ ബോധ്യപ്പെടുത്താൻ രാമു ശ്രമിച്ചു. പക്ഷേ വിജയിച്ചില്ല. റിഹേഴ്സൽ ക്യാമ്പുകളിൽ പങ്കെടുക്കേണ്ടി വന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

താഴേത്തട്ടിലുള്ള താഴ്ന്ന വിഭാഗങ്ങളെ ഉന്നമിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ കേന്ദ്രീകരിച്ചുള്ളതായിരുന്നു നാടകത്തിന്റെ പ്രമേയം.

തന്റെ യാഥാസ്ഥിതിക കാഴ്ചപ്പാടുകൾ മകന്റെ പുരോഗമന കാഴ്ചപ്പാടുമായി പൊരുത്തപ്പെടാത്ത ഒരു ധനികന്റെ വേഷമായിരുന്നു രാമുവിന്റേത്. അച്ഛനും മകനും തമ്മിലുള്ള സംഘർഷവും മാറ്റവുമാണ് ഉള്ളടക്കം.

നാടകത്തിൽ, ദേശീയോദ്ഗ്രഥനം ലക്ഷ്യമിട്ടുള്ള ഒരു പ്രസ്ഥാനത്തിൽ ചേരാൻ മകൻ വീടുവിട്ടിറങ്ങുന്നു. അച്ഛനാവട്ടെ തീർത്ഥാടനത്തിനായി തിരുപ്പതിയിലേക്ക് പോകുന്നു. ട്രെയിൻ പാളംതെറ്റി പിതാവിന് പരിക്കേൽക്കുന്നു. അതുവരെ ഇരുവരും വർഷങ്ങളോളം കണ്ടുമുട്ടുന്നില്ല. ഒരു ആശുപത്രിയിൽ, തന്റെ മകൻ ഉൾപ്പെടുന്ന ഒരു സൗജന്യ സേവനസംഘത്തെ കണ്ട് അച്ഛന്റെ മനസ്സ് മാറി. സുഖം പ്രാപിച്ച് വീട്ടിലേക്ക് മടങ്ങുമ്പോൾ അച്ഛൻ തന്റെ സമ്പത്ത് മുഴുവൻ പാവങ്ങൾക്ക് ദാനം ചെയ്യുന്നു. വൻ ജനക്കൂട്ടത്തിന് മുന്നിൽ നാടകം അവതരിപ്പിച്ചു. രാമുവിന്റെ പ്രകടനത്തിന് മികച്ച സ്വീകാര്യത ലഭിക്കുകയും അദ്ദേഹം മികച്ച നടനായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം രാമു നാടകരംഗത്ത് പ്രവർത്തിച്ചു. കെ.എസ്. തളിക്കുളത്തിന്റെ നാടകങ്ങളിൽ നടനും ഗായകനുമായിരുന്നു.

നാടകത്തെയും സിനിമയെയും കുറിച്ചുള്ള നിരവധി കൃതികൾ വായിച്ച രാമു പത്രപ്രവർത്തനത്തിലേക്ക് ചുവടുമാറി. തൃശ്ശൂരിൽ 'ശബ്ദം' എന്ന പേരിൽ ഒരു ചലച്ചിത്ര മാസിക ആരംഭിച്ചു. തകഴി, ഉറൂബ്, എൻ.പി. ചെല്ലപ്പൻ നായർ, ബഷീർ തുടങ്ങിയ എഴുത്തുകാരുമായും അദ്ദേഹത്തിന് അടുത്ത ബന്ധമുണ്ടായിരുന്നു.

ഒരു ദിവസം മെരിലാൻഡ് സ്റ്റുഡിയോയിൽ ചിത്രീകരിക്കാനിരുന്ന തിരമാല എന്ന സിനിമയുടെ വിവരങ്ങൾ ശേഖരിക്കാൻ രാമു തിരുവനന്തപുരത്തേക്ക് പോയി. ഈ യാത്ര അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായി.

തിരമാലയുടെ സംവിധായകൻ വിമൽ കുമാറുമായുള്ള ഒരു ചർച്ചയ്ക്കിടയിൽ, അസിസ്റ്റന്റ് ഡയറക്ടറായി പ്രൊജക്റ്റിൽ ചേരാൻ രാമുവിനെ അദ്ദേഹം ക്ഷണിച്ചു. രാമു അപ്പോൾ തന്നെ സമ്മതം മൂളി. സിനിമയുടെ ആദ്യ ഷോട്ടിൽ ക്ലാപ്പ് ചെയ്തത് രാമുവായിരുന്നു. സിനിമാലോകത്തേക്കുള്ള രാമുവിന്റെ യാത്ര ഇവിടെ ആരംഭിക്കുന്നു.

അടുത്ത വർഷം പി.ഭാസ്കരനൊപ്പം നീലക്കുയിൽ സംവിധാനം ചെയ്ത് മികച്ച മലയാള സിനിമയ്ക്കുള്ള പ്രഥമ ദേശീയ പുരസ്കാരം നേടി.

അദ്ദേഹത്തിന്റെ അടുത്ത ചിത്രമായ മുടിനായ പുത്രനും ദേശീയ അവാർഡ് ലഭിച്ചതോടെ അദ്ദേഹം ഇന്ത്യയിലെ മികച്ച സംവിധായകരുടെ നിരയിലേക്ക്

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

ഉയർന്നു.

ചെമ്മീന്റെ വാണിജ്യ വിജയത്തോടെ അദ്ദേഹം ഇന്ത്യയിലെ മറ്റ് പ്രശസ്ത ചലച്ചിത്ര പ്രവർത്തകർക്കിടയിൽ ഒരു സ്ഥാനം നേടി.

പിന്നീട് ഒരു ഡസനിലധികം മലയാള ചിത്രങ്ങൾ സംവിധാനം ചെയ്തു. ഡി.എം. പൊറ്റെക്കാട് സംവിധാനം ചെയ്ത രമണനിൽ അഭിനയിക്കുകയും ചെയ്തു.

ഒരു സംവിധായകന് യഥാർത്ഥ ജീവിതം സെല്ലുലോയിഡിലേക്ക് പറിച്ചു നടണമെങ്കിൽ, നിരീക്ഷണ പാടവവും ജീവിതാനുഭവത്തിന്റെ സമൃദ്ധിയും ആവശ്യമാണ്.

ഒരു പരിധി വരെ, ഈ ഗുണങ്ങൾ ചെമ്മീനിലെ കടലിനെയും തീരജീവിത ത്തെയും കൃത്യമായി ചിത്രീകരിക്കു ന്നതിനും അതിൽ വിജയിക്കുന്നതിനും കാരണമായി.


1965-ൽ നാട്ടികയിൽ നിന്ന് ഇടത് സ്വതന്ത്രനായി നിയമസഭാംഗമായി തിര ഞ്ഞെടുക്കപ്പെട്ടെങ്കിലും ഒരു പാർട്ടിക്കും ഭൂരിപക്ഷമില്ലാത്തതിനാൽ ആർക്കും നിയമസഭ രൂപീകരിക്കാൻ കഴിയാത്ത തിനാൽ നിയമസഭയിൽ പ്രവർത്തിക്കാൻ കഴിഞ്ഞില്ല.

• • •



# കുറിശ്ശേരി സമ്പൂർണകൃതികൾ

**ജീവചരിത്രം, ഭാഷാശാസ്ത്രം, നിഘണ്ടു, ദർശനം, ചരിത്രം, കൃഷി, കവിത**




പേജ് 1312 ഡിമൈ 1/8 ഹാർഡ് കവർ വില രൂ. 1500/

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും
വിജ്ഞാനകുതുകികൾക്കും ഒരു മുതൽക്കൂട്ട്

ഈ ഗ്രന്ഥം തപാലിൽ ലഭിക്കാൻ ബന്ധപ്പെടുക:
**94956 73656**

സ്കൈ ബുക്ക് പബ്ലിഷേർസ്, മാവേലിക്കര

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA



# അടൂർ ഗോപാലകൃഷ്ണൻ, സ്വയംവരം

സുരേഷ്കുമാർ. സി. ( ബീം ഫിലിം സൊസൈറ്റി)

മലയാള സിനിമക്ക് അന്താരാഷ്ട്ര ചലച്ചിത്ര ഭൂപടത്തിൽ സ്ഥാനം നേടിക്കൊടുത്തവരിൽ പ്രമുഖനായ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ തന്റെ ആദ്യ ചിത്രമായ സ്വയംവരത്തിൽ നായകനായി കണ്ടെത്തിയത് മധുവിനെയായിരുന്നു. നായിക ശാരദയും. പ്രശസ്തരും പരിചയസമ്പന്നരുമായ അഭിനേതാക്കളെ 'ഉപയോഗിക്കുന്നതി'ലുള്ള തന്റെ കൃത്യതയാർന്ന കഴിവ് ആദ്യ ചിത്രം മുതൽ തന്നെ വ്യക്തമാക്കുന്നുണ്ട് അദ്ദേഹം.

സിനിമ പൂർണ്ണമായും സംവിധായകന്റെ രചനയാണെന്ന ഉറച്ച നിലപാടുള്ള അടൂർ പക്ഷേ, ഇതര മേഖലകളിലുള്ളവരുടെ പ്രാഗത്ഭ്യത്തെ കുറച്ചു കാണുന്നുമില്ല എന്ന് അദ്ദേഹത്തിന്റെ ചിത്രങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. ആദ്യ ചിത്രത്തിലെ മധുവിന്റെ നായക വേഷം യാദൃച്ഛികമല്ല എന്നർത്ഥം.

ചലച്ചിത്ര രചനയിൽ കൃത്യതയും പൂർണ്ണതയും വിട്ടുവീഴ്ചയില്ലാതെ പിൻതുടരുന്ന സംവിധായകനാണ് അടൂർ ഗോപാലകൃഷ്ണൻ. അഭിനേതാക്കളുടേയും സാങ്കേതിക വിദഗ്ധരുടേയും കഴിവുകൾ തന്റെ സങ്കൽപ്പങ്ങളുടെ പരിധി ലംഘിക്കാൻ അനുവദിക്കാതിരിക്കുമ്പോഴും ലോകോത്തര പ്രകടനങ്ങൾക്കുള്ള അവസരങ്ങൾ അടൂരിന്റെ സിനിമകൾ സമ്മാനിക്കുന്നുണ്ട്.

ശബ്ദനിയന്ത്രണവും മുഖ ചലനങ്ങളും കൊണ്ട് മലയാളി പ്രേക്ഷകരുടെ പ്രിയങ്കരനായി മാറിയിരുന്ന മധുവിന്റെ തികച്ചും വ്യത്യസ്തമായ അഭിനയ മുഹൂർത്തങ്ങളാണ് സ്വയംവരത്തിലൂടെ നാം കണ്ടത്. ശാരീരിക ചലനങ്ങളിലെ മിതത്വവും സംഭാഷണങ്ങളുടെ ലുബ്ധും മധു എന്ന നടന് അഭിനയത്തിന്റെ പുതിയ വ്യാഖ്യാനങ്ങളിലേക്കുയരുവാൻ അവസരം നൽകുകയായിരുന്നു.

ഫിലിം വിഷൻ
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA



സ്വയംവരത്തിലെ തന്നെ അഭിനയത്തിന് ശാരദക്ക് മികച്ച നടിക്കുള്ള ദേശീയ അവാർഡ് ലഭിച്ചു എന്നതും ശ്രദ്ധേയമാണ്.

ഗോപി എന്ന മഹാനടന്റെ ഭാവപ്പകർച്ച കണ്ട കൊടിയേറ്റവും മമ്മൂട്ടി എന്ന താരത്തിന് രണ്ടു തവണ ദേശീയ അവാർഡ് നേടാൻ സഹായിച്ച മതിലുകളും വിധേയനുമെല്ലാം തന്റെ കടും നിയന്ത്രണത്തിനുള്ളിലും അഭിനേതാവിന് പറന്നുയരാനുള്ള ഇടം അടൂർ ബാക്കി വയ്ക്കുന്നു എന്നതിന്റെ നിദർശനങ്ങളാണ്.

എലിപ്പത്തായവും (കരമന ജനാർദ്ദനൻ നായർ) മുഖാമുഖവും ( പി. ഗംഗാധരൻ നായർ) എല്ലാം അഭിനേതാവിന്റെ സത്ത പൂർണ്ണമായും പുറത്തു കൊണ്ടുവരുന്നതിൽ അടൂരിനുള്ള അപാരമായ കഴിവ് വെളിപ്പെടുത്തുന്ന സിനിമകളാണ്.

ഈ നടന ശാഖയിലെ ആദ്യ പഥികനാകാനുള്ള നിയോഗം ലഭിച്ചത് മധുവിനായിരുന്നു.

അഭിനേതാക്കളെയെന്നപോലെ സാങ്കേതിക വിദഗ്ധരേയും വിദഗ്ധമായി ഉപയോഗിച്ചിട്ടുള്ള ചലച്ചിത്ര രചയിതാവാണ് അടൂർ ഗോപാലകൃഷ്ണൻ. അന്നേവരെ അത്ര ഗൗരവത്തോടെ പരിഗണിക്കപ്പെടാതിരുന്ന ശബ്ദ സന്നിവേശത്തിന് ചലച്ചിത്ര ഘടനയിൽ പ്രാമുഖ്യം നേടിക്കൊടുത്തതിൽ അടൂരിന്റെ പങ്ക് വളരെ വലുതാണ്. നിശബ്ദതക്ക് ശബ്ദം നൽകിയവരിൽ അരവിന്ദനൊപ്പം ചേർത്തു വയ്ക്കാവുന്ന പേരാണ് അടൂരിന്റേതും. ശബ്ദമിശ്രണത്തിൽ ശബ്ദത്തിന്റെ കൃത്യമായ ഭാവവും തലവും ലഭിക്കാനായി ക്ഷമയോടെയുള്ള അടൂരിന്റെ കാത്തിരിപ്പിനെപ്പറ്റി അദ്ദേഹത്തിന്റെ ശബ്ദ ലേഖകർ അത്ഭുതത്തോടെ പറഞ്ഞു കേട്ടിട്ടുണ്ട്. ഓരോ ചെറു ശബ്ദവും മുൻ നിശ്ചയ പ്രകാരമല്ലാതെ ഉൾപ്പെടുത്താൻ അനുവദിക്കാറില്ലാത്തതു കൊണ്ടു തന്നെ പൂർണ്ണ ശ്രദ്ധയും കഴിവും ആവശ്യപ്പെടുന്നവയാണ് അടൂരിന്റെ സിനിമകൾ .

പ്രാദേശിക മലയാള ചരിത്രത്തിന്റെ കാഴ്ചകളിൽ പദമൂന്നി നിൽക്കുമ്പോഴും സാർവ്വലൗകികവും സാർവ്വകാലികവുമായ ആശയധാരകൾ വിന്യസിപ്പിക്കുന്നവയാണ് അടൂർ സിനിമകൾ . മലയാള സിനിമാ ചരിത്രത്തിന്റെ നിർണായക ഘടകമായി അവ എന്നെന്നും നിലനിൽക്കുകയും ചെയ്യും.

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA



# സലിൽ ചൗധരിയും ചെമ്മീനിലെ സംഗീതവും

വിനോദ്കുമാർ. പി
( ഫിൽക്ക ഫിലിം സൊസൈറ്റി )

പരീക്കുട്ടി ( മധു ): "കറുത്തമ്മ ഇവിടംവിട്ടു പോയാലും ഞാനീ കടപ്പുറം വിടില്ല. "

കറുത്തമ്മ ( ഷീല ) : " കൊച്ചുമുതലാളീ നമ്മളെന്തിനു കണ്ടുമുട്ടി?"

പരീക്കുട്ടി :"ദൈവം വിധിച്ചിട്ട്, ഞാനീ കടപ്പുറത്തിരുന്ന് കറുത്തമ്മയെയോർത്ത് പാടിപ്പാടി നടക്കും."

കറുത്തമ്മ : "ഞാൻ തൃക്കുന്നപ്പുഴ യിലിരുന്ന് ആ പാട്ടുകേട്ട് ചങ്കുപൊട്ടി കരയും."

കടലോരം പാടിനടന്ന ഒരു ദുരന്തപ്രണയകഥ സിനിമയാക്കിയപ്പോൾ അതിന്റെ സംഗീതവും കേരളക്കരയാകെ അലയൊലികൊള്ളിച്ചു. അതിനു ചുക്കാൻ പിടിച്ചതാകട്ടെ സംഗീതത്തിന്റെ മാസ്റ്റർ സലിൽ ചൗധരിയും. വയലാർ രാമവർമയുടെ മനോഹരമായ വരികളുമായി ആ സംഗീതം ഇന്നും മലയാളത്തിന്റെ ഹൃദയതീരം തഴുകിക്കൊണ്ടിരിക്കുന്നു; കരളിലെ മോഹം അടങ്ങാത്ത കടലോളമായി അലയടിക്കുന്നു .

1925 നു ബംഗാളിലാണ് സലിൽ ചൗധരി ജനിച്ചത്. ചെറുപ്പത്തിലേ സംഗീതത്തിൽ പ്രാവീണ്യം നേടിയ അദ്ദേഹം ബംഗാളി, ഹിന്ദി, മലയാളം ഉൾപ്പെടെ 13 ഭാഷകളിലെ സിനിമകൾക്ക് സംഗീതം നൽകി. ഇതിൽ 75-ലധികം ഹിന്ദി സിനിമകൾ, 41 ബംഗാളി സിനിമകൾ, 27 മലയാളം സിനിമകൾ...പിന്നെ മറാത്തി, തമിഴ്, തെലുങ്ക്, കന്നഡ, ഗുജറാത്തി, ഒഡിയ, ആസാമീസ് സിനിമകളും.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA



കേരളത്തിന്റെ മഹാനായ കഥാകാരൻ തകഴി, കടൽ പശ്ചാത്തലത്തിൽ ഒരുക്കിയ മനോഹര നോവലാണ് ചെമ്മീൻ. പരീക്കുട്ടിയുടെയും കറുത്തമ്മയുടെയും കഥ. ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ നിന്ന് സമ്പത്തിന്റെ ശീതളിമയിലേക്ക് ചെമ്പൻ കുഞ്ഞിനെയും കുടുംബത്തെയും നയിച്ച പരീക്കുട്ടി എന്ന കൊച്ചുമുതലാളി, വള്ളം നിറച്ച് മീനുമായി വരുമ്പോൾ ചെമ്പൻ കുഞ്ഞിനോട് പരീക്കുട്ടി ചോദിക്കുന്നു, എനിക്ക് കച്ചോടം ചെയ്യുന്നോ എന്ന്. ചെമ്പൻ കുഞ്ഞിൽ നിന്ന് നെറികേടിന്റെ സ്വരം - രൊക്കം കാശുണ്ടോ? ആ മറുപടിയിൽ പരീക്കുട്ടി നിസ്സാഹായനാവുന്നു. അതെങ്ങനെയാണെല്ലോ പണവും അത്യാഗ്രഹവും മനുഷ്യനെ മൃഗമാക്കുന്നു.

പരീക്കുട്ടിയും കറുത്തമ്മയും തമ്മിലുള്ള പ്രണയം ചെമ്പൻകുഞ്ഞ് അറിയുകയും പളനി എന്ന വരുത്തനെ കൊണ്ട് മകളെ വിവാഹവും ചെയ്യിപ്പിക്കുന്നു. ഒരു നഷ്ട പ്രണയത്തിന്റെ എല്ലാ വിധ ചേരുവകളും കഥാകാരൻ ആവിഷ്കരിച്ചിരിക്കുന്നു.

ഈ കഥാസന്ദർഭത്തിനു യോജിച്ച നാല് ഗാനങ്ങളും ഒരു തീം ഗാനവും സലിൽ ചൗധരി തയ്യാറാക്കി. കടലിനക്കരെ പോണോരേ... എന്ന ഗാനം മത്സ്യ തൊഴിലാളികളുടെ ജീവിത പ്രതീക്ഷയാണ് ഒപ്പിയെടുക്കുന്നത്. അരയന്റെ കഥ പറയുന്ന പെണ്ണാളേ പെണ്ണാളേ ....എന്ന ഗാനം എത്ര മനോഹരമായിട്ടാണ് സംഗീതം ചെയ്തിരിക്കുന്നത്.

മാനസമൈനേ വരൂ.... എന്ന് തുടങ്ങുന്ന പ്രണയഗാനം ഒരേ സമയം വിരഹത്തിന്റെയും അനിശ്ചിതത്തിന്റെയും ഇടക്കുള്ള മാനസിക അവസ്ഥയാണ്.

പുത്തൻവലക്കാരെ... എന്ന ഗാനം കേൾക്കുമ്പോൾ സലിൽ ചൗധരി മലയാളിയാണോ എന്ന് നമുക്കു തോന്നിപോകും.

പരീക്കുട്ടിയായി വേഷമിട്ടു നമ്മെ വിസ്മയിപ്പിച്ച മധുവിന്റെ കലാജീവിതത്തിലെ നാഴികകല്ലാണ് ചെമ്മീൻ എന്ന സിനിമ. അദ്ദേഹത്തിന്റെ ഭാവാഭിനയം ചെമ്മീൻ എന്ന സിനിമയുടെ വിപണിമൂല്യം മാത്രമല്ല മലയാളസിനിമയുടെ യശസ്സും ഉയർത്തി എന്നതിൽ സംശയം ഇല്ല.

1995 സെപ്റ്റംബറിൽ 5 ന് നമ്മെ വിട്ടു പിരിഞ്ഞ സലിൽ ചൗധരി മാസ്റ്ററുടെ സംഗീതം മലയാളത്തിന് മറക്കാനാവില്ല ....

ഫിലിം വിഷൻ
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA



# ഭാർഗവി നിലയത്തിലെ അവിസ്മരണീയ സംഗീതവും ഗാനങ്ങളും

ജ്യോതിഷ്കുമാർ. പി. എസ്.
( ഫിൽക്ക ഫിലിം സൊസൈറ്റി )

മലയാളിക്ക് പ്രിയങ്കരനായ മധുവിന്റെ അഭിനയ ജീവിതത്തിലെ ആദ്യ പടവായിരുന്നു ഭാർഗവീ നിലയം എന്ന സിനിമ. മാത്രമല്ല മലയാള സിനിമയുടെ വികസന ചരിത്രത്തിലെ നാഴികക്കല്ലുകൂടിയാണത്.

മലയാള സാഹിത്യത്തിലെ കുലപതി ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ തൂലികയിൽ പിറന്ന നീലവെളിച്ചം എന്ന ചെറുകഥയുടെ ചലച്ചിത്ര ആവിഷ്കാരമാണ് ഭാർഗവീ നിലയം. സിനിമയുടെ തിരക്കഥയും സുൽത്താൻ തന്നെയാണെന്ന് നിർവഹിച്ചത്.

ഛായാഗ്രാഹകനായിരുന്ന എ. വിൻസെന്റ് സംവിധായകനായപ്പോൾ ആ തിരക്കഥയെ അഭ്രപാളികളിലെ ഒരു വിസ്മയമാക്കി മാറ്റി. മലയാളത്തിലെ ആദ്യത്തെ ഹൊറർ ചലച്ചിത്രം ആയിരുന്നു ഭാർഗവീനിലയം. സാങ്കേതികതയുടെയും സിനിമയുടെ ദൃശ്യഭാഷയുടെയും കാര്യത്തിൽ ആ സിനിമയ്ക്ക് പകരം നിൽക്കുന്ന മറ്റൊന്ന് ദക്ഷിണേന്ത്യയിൽ അക്കാലം വരെയും ഉണ്ടായിട്ടില്ല. അതിനു കാരണം ഒരു ഹൊറർ സിനിമ എന്നതിനപ്പുറം ഭാർഗവീനിലയം മികച്ച ഒരു പ്രണയ കഥയും സംഗീത ശില്പവും ദൃശ്യാനുഭവവും ആയതുകൊണ്ടാണ്.

പ്രധാന കഥാപാത്രമായ നോവലിസ്റ്റിനെ അവതരിപ്പിച്ച മധുവും പ്രേംനസീറും വിജയ നിർമലയും പി.ജെ. ആന്റണിയും അടൂർ ഭാസിയും കുതിരവട്ടം പപ്പുവും ഒക്കെ ഭദ്രമായി അഭിനയിച്ച ഈ ചിത്രത്തിൽ പി. ഭാസ്കരൻ മാഷിന്റെ വരികൾക്കും ഹിന്ദുസ്ഥാനി സംഗീതത്തിന്റെ ചട്ടക്കൂട്ടിൽ തയ്യാറാക്കിയ എം. എസ്. ബാബുരാജിന്റെ ഈണത്തിനും അനശ്വരമായ സ്ഥാനമാണുള്ളത്.

വരികളുടെ സൗകുമാര്യം കൊണ്ടും സംഗീതത്തിന്റെ വശ്യത കൊണ്ടും ആസ്വാദക മനസ്സുകളിൽ ചിരപ്രതിഷ്ഠ നേടിയവയാണ് ഈ സിനിമയിലെ എല്ലാ ഗാനങ്ങ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ളും. മലയാള ചലച്ചിത്ര ഗാന സാഹിത്യ ശാഖ യുടെ ചരിത്രത്തിലെ ഏറ്റവും മികച്ച 50 ഗാനങ്ങളുടെ പട്ടിക തയ്യാറാക്കിയാൽ ഈ അനശ്വര പ്രതിഭകളുടെ അതുല്യ സൃഷ്ടി യായ ' താമസമെന്തേ വരുവാൻ ' എന്ന ഗാനം ഒന്നാം സ്ഥാനത്ത് ഇടം പിടിയ്ക്കും. ഇന്നും വിദേശ മലയാളി സമാജങ്ങളുടെ പരിപാടികളിൽ അർത്ഥവത്തായ പഴയ മലയാളഗാനങ്ങൾ തന്നെയാണ് കൂടുതൽ അവതരിപ്പിക്കുന്നത്. അതിൽ ഈ ഗാന വും ഇടംപിടിക്കുന്നു. ഗാനഗന്ധർവ്വൻ കെ.ജെ. യേശുദാസിന്റെ മാസ്മരിക ശബ്ദ ത്താൽ ആസ്വാദക ഹൃദയത്തിൽ പ്രണയ ത്തിന്റെയും പ്രതീക്ഷയുടെയും ഹൃദയാർ ദ്ര തരംഗം തീർക്കുന്ന ഒരു ഗാന വിസ്മ യമാണിത്. 'മേരെ മെഹബൂബ് തുജെ' എന്ന ഹിന്ദി ഗാനത്തിന്റെ ഈണത്തെ അനുകരിക്കുന്നുവെങ്കിലും ഈ ഗാനം അന്നും ഇന്നും എന്നും മലയാളിയുടെ സ്വന്തമാണ്.

എം.എസ്.ബാബുരാജിന്റെ പ്രിയ ഗായിക എസ്. ജാനകിയുടെ അതുല്യമായ ശബ്ദത്തിൽ നിന്നും പിറവിയെടുത്ത 'വാസന്ത പഞ്ചമി നാളിൽ' എന്ന ഗാനം 'ചൗധ്വിൻ കാ ചന്ദ് 'എന്ന ഗാനത്തിലെ ഈണം കടമെടുത്തെങ്കിലും സമാനതക ളില്ലാത്ത ശ്രവ്യാനുഭവം ആണ് ആസ്വാദ കർക്ക് സമ്മാനിക്കുന്നത്.

നായികയുടെ മനസ്സിൽ പ്രണയത്തിന്റെ ആഹ്ലാദം നിറഞ്ഞുനിൽക്കുന്ന നാളുക ളിൽ നൃത്തത്തിന്റെ അകമ്പടിയോടു കൂടിയ 'അനുരാഗ മധു ചഷകം' എന്ന ഗാനം എസ്.ജാനകി അയത്ന ലളിതമായി



പാടിയത് ഹിന്ദുസ്ഥാനി സംഗീതം ഇഷ്ട പ്പെടുന്ന മലയാളികൾ നെഞ്ചിലേറ്റി യിരുന്നു. അസാമാന്യ ശബ്ദത്തിന് ഉടമ യായ കമുകറ പുരുഷോത്തമൻ ഭാവഗം ഭീരമായി പാടിയ 'ഏകാന്തതയുടെ അപാര തീരം 'ഇന്നും അനുകരണത്തിനു അപ്പുറ ത്താണ്. ചലച്ചിത്രത്തിന്റെ തനത് ഭാവം നിറഞ്ഞു നിൽക്കുന്ന ഈ ഗാനം ഒരേ സമയം ഭയവും വിഷാദവും ഉണർത്തു ന്നതാണ്.

യേശുദാസും പി. സുശീലയും പാടി അനശ്വ രമാക്കിയ 'അറബിക്കടലൊരു മണവാളൻ 'എന്ന് തുടങ്ങുന്ന ഗാനം കാമുകീ കാമുക ന്മാരിലും പ്രകൃതിയിലും പ്രണയത്തിന്റെ മനോഹര നിറങ്ങൾ വരച്ചു കാട്ടി എക്കാ ലവും മലയാളിയുടെ പ്രണയത്തെ പ്രചോ ദിപ്പിക്കുന്ന ഒന്നാണ്.

നഷ്ടപ്രണയത്തിന്റെയും നൊമ്പര

ത്തിന്റെയും വിഷാദത്തിന്റെയും തീവ്രമായ ഭാവങ്ങൾ മനസ്സിന്റെ ഉള്ളറകളിൽ വേദനയുടെ കടലലകൾ സൃഷ്ടിച്ച ഗാനമാണ് ജാനകിയമ്മയുടെ എക്കാലത്തെയും സൂപ്പർഹിറ്റായ 'പൊട്ടി തകർന്ന കിനാവ്'. പ്രണയിതാവിനൊപ്പം സ്വന്തം ജീവനും നഷ്ടപ്പെട്ടുപോയ ഒരു കാമുകിയുടെ ആത്മാവിന്റെ കദനഭാവങ്ങൾ ബാബുരാജിന്റെ ഈണത്തിലൂടെ കേൾക്കുമ്പോൾ കണ്ണ് നിറയാത്തവർ ഉണ്ടാകില്ല.

ഉയർന്ന നിലവാരമുള്ള ഓർകസ്ട്രേഷൻ കാരണം ഈ ചിത്രത്തിലെ സൗണ്ട് എഫക്ട്സ് ട്രാക്കിന് നിരൂപക പ്രശംസ ലഭിച്ചു.

അക്കാലത്തെയും വലിയ ഓഡിയോ ഹിറ്റുകളിൽ ഒന്നായിരുന്നു ഭാർഗവീ നിലയത്തിന്റെ റെക്കോർഡ് ഡിസ്ക്.

ഭാർഗവീനിലയം എന്ന ചലച്ചിത്ര കാവ്യത്തെ മലയാള സിനിമയുടെ ചരിത്രത്തിലും മലയാളികളുടെ സ്വന്തം മനസ്സിലും ചിരപ്രതിഷ്ഠ നേടാൻ സഹായിച്ചതിൽ എം. എസ്.ബാബുരാജിന്റെ സംഗീതത്തിനും പി. ഭാസ്കരന്റെ ഗാനങ്ങൾക്കുമുള്ള സ്ഥാനം വളരെ വലുതാണ്.

• • •



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

# മധുമധുര സല്ലാപം ഫിലിം സൊസൈറ്റിയുമായി...

### ഫിൽക്ക & സ്പാർക് ഫിലിം സൊസൈറ്റീസ്



നവംബർ പതിനെട്ടാം തീയതി നടത്താനിരിക്കുന്ന മധു ഫിലിം ഫെസ്റ്റിവലിനോട് അനുബന്ധിച്ച് ബ്രോഷർ പ്രകാശന വേളയിൽ മലയാള സിനിമയിലെ അഭിനയ ചക്രവർത്തി മധുവുമായി ഫിൽക്ക - സ്പാർക് ഫിലിം സൊസൈറ്റി പ്രവർത്തകർ നടത്തിയ നർമ്മ സല്ലാപത്തിൽ നിന്ന്....

സാബു ശങ്കർ : മലയാള സിനിമയുടെ ചരിത്രത്തിലെ മൂന്നു പ്രധാനപ്പെട്ട റ്റേണിങ് പോയിന്റുകളാണ് ഭാർഗവീനിലയം, ചെമ്മീൻ, സ്വയംവരം എന്നിവ. ഭാർഗവീനിലയത്തെ സംബന്ധിച്ചിടത്തോളം അതിൽ സാങ്കേതികമായി മികച്ച നിലവാരം പുലർത്താൻ സാധിച്ചിട്ടുള്ള സിനിമയാണ്, പ്രത്യേകിച്ച് ഫോട്ടോഗ്രാഫിയിൽ. ഒരു ഫോട്ടോഗ്രാഫർ ആയ വിൻസന്റ് മാഷിന് മലയാളസിനിമയുടെ വിഷ്വൽ ലാംഗ്വേജ് അതിൽ കൃത്യമായി കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. കൂടാതെ വൈക്കം മുഹമ്മദ് ബഷീറിന്റെ കഥ - തിരക്കഥ അതിന് പല രസഭാവങ്ങളും നൽകി. ഒരു വശത്ത് ബഷീറിയൻ ഹാസ്യഭാവങ്ങളുള്ള നോവലിസ്റ്റ് എന്ന കഥാപാത്രവും മറുവശത്ത് ഇല്യൂഷൻ, ഫാന്റസി തുടങ്ങിയ ഘടകങ്ങളും അതിൽ വരുന്നുണ്ട്. ഒരു ദൃശ്യകലാസൃഷ്ടി എന്ന നിലയിൽ ഭാർഗവീനിലയം മലയാള സിനിമയുടെ എല്ലാ മേഖലകളിലുമുള്ള മുന്നേറ്റമാണ് കാണിച്ചു തന്നത്. ഈ സിനിമയുടെ ഷൂട്ടിന്റെ സമയത്ത് നടന്ന പ്രധാന സംഭവങ്ങളെ പറ്റി പറയാമോ?

മധു : എല്ലാ സിനിമകളെയും ഞാൻ സമീപിക്കുന്നത് ഒരുപോലെ തന്നെയാണ്. കഥ എന്താണെന്നും കാരക്ടർ എന്താണെന്നും മനസ്സിലാക്കുകയും സംവിധായകനും ക്യാമറാമാനും നിർദ്ദേശിക്കുന്നത് അനുസരിച്ച് കഥാപാത്രത്തെ ഉൾക്കൊണ്ടുകൊണ്ട് അഭിനയിക്കുകയും ചെയ്യുക എന്ന

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

രീതിയാണ് ഞാൻ സ്വീകരിച്ചിട്ടുള്ളത്. ഈ സിനിമയ്ക്ക് വേണ്ടി ആ രീതി മാറ്റി എന്ന് പറയാനാവില്ല. അതുകൊണ്ടുതന്നെ ഭാർഗവീനിലയവും മറ്റു ചിത്രങ്ങളും തമ്മിൽ അക്കാര്യത്തിൽ വ്യത്യാസമില്ല. എല്ലാ ചിത്രങ്ങളെയും പ്രാധാന്യം കൊടുത്തു സമീപിച്ചിട്ടുള്ളത് കൊണ്ട് ഭാർഗ്ഗവിനിലയത്തെ പറ്റി പ്രത്യേകിച്ച് പറയാനോ ഓർക്കാനോ ഇല്ല.

സാബു ശങ്കർ : അക്കാലത്ത് സംവിധായകനുമായും ക്യാമറമാനുമായുമുള്ള ഇടപെടലുകളെ പറ്റിയും ഷൂട്ടിംഗ് സമയത്ത് നടന്നിട്ടുള്ള പ്രത്യേക സംഭവങ്ങളെ പറ്റിയും ഓർക്കുന്നുണ്ടോ?

മധു : അന്നത്തെ കാലത്ത് ഡയറക്ടറോട് ബഹുമാനത്തോടുകൂടിയാണ് പെരുമാറുന്നത്. ആ ബഹുമാനം ഇപ്പോഴുമുണ്ട്.



സാബു ശങ്കർ : അന്നത്തെ കാലത്തെ സിനിമ ഷൂട്ടുകൾക്കായുള്ള ഒരുക്കങ്ങളെ പറ്റിയും സെറ്റുകളുടെ മൂവ്മെന്റുകളെ പറ്റിയും വിശദീകരിക്കാമോ?

മധു : അന്നൊക്കെ സംവിധായകനും കലാസംവിധായകനും ചേർന്നൊരുക്കുന്ന സെറ്റിൽ ചെന്ന് സംവിധായകന്റെ നിർദ്ദേശം അനുസരിച്ച് അഭിനയിക്കുക എന്നതൊഴിച്ചാൽ മറ്റു കാര്യങ്ങളിൽ അഭിനേതാക്കൾ കൈകടത്താറില്ല.

സാബു ശങ്കർ : ചെമ്മീൻ ഷൂട്ടിംഗ് സമയത്ത് എടുത്തു പറയത്തക്ക സംഭവങ്ങൾ എന്തെങ്കിലുമുണ്ടായിട്ടുണ്ടോ?

മധു : ഞാൻ നേരത്തെ പറഞ്ഞതു പോലെ, മറ്റുള്ള സിനിമകളുടെയും കാര്യത്തിൽ എന്നതുപോലെ ചെമ്മീന്റെ കാര്യത്തിലും ലൊക്കേഷനിലേക്ക് ചെല്ലുക, കഥാപാത്രം എന്താണെന്ന് മനസ്സിലാക്കുക, സംവിധായകൻ ഉദ്ദേശിക്കുന്നതെന്താണെന്ന് മനസ്സിലാക്കുക അത് അതനുസരിച്ച് അഭിനയിക്കുക എന്ന രീതിയാണ് സ്വീകരിച്ചത്. അതുകൊണ്ടുതന്നെ പ്രത്യേകിച്ചൊന്നും പറയാനില്ല.

സാബു ശങ്കർ : സ്വയംവരത്തിന്റെ കാര്യത്തിലും ഇതു തന്നെയായിരിക്കുമല്ലോ അങ്ങയുടെ അഭിപ്രായം?

മധു : തീർച്ചയായും.

സാബു ശങ്കർ : ഈ മൂന്നു സിനിമകൾക്ക് എന്തെങ്കിലും പ്രത്യേകതകളുണ്ടെന്ന് അങ്ങേക്ക് തോന്നിയിട്ടുണ്ടോ?

മധു : ഓരോ സിനിമയ്ക്കും അതിന്റേതായ പ്രത്യേകതകൾ ഉണ്ട്. കൂടാതെ ഓരോ ഡയറക്ടർമാർക്കും അവർ നിർദ്ദേശിക്കുന്ന കാര്യങ്ങൾക്കും പ്രത്യേകതകൾ ഉണ്ട്. അതു മനസ്സിലാക്കി പ്രവർത്തിക്കുക എന്നതാണ് ഒരു നടൻ എന്ന നിലയിൽ എന്റെ ഡ്യൂട്ടി. അത് ഞാൻ മനസ്സിലാക്കാൻ ശ്രമിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

സാബു ശങ്കർ : ഫിലിം സൊസൈറ്റി അതിന്റെ 25 വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ഓരോ മാസവും മുടങ്ങാതെ ഫിലിം ഫെസ്റ്റിവൽ നടത്തുന്നുണ്ട്. അതിനുവേണ്ടി ഓരോ മാസവും ഓരോ പ്രമേയം തിരഞ്ഞെടുക്കുകയും അതിനെപ്പറ്റി ഗവേഷണം നടത്തുകയും ചെയ്തിട്ടാണ് ഓരോ മാസത്തേയും പാക്കേജുകൾ ഉണ്ടാക്കുന്നത്. ഇങ്ങനെ പ്രതിമാസം നടത്തുന്ന പ്രോഗ്രാമുകൾ ഓരോ എപ്പിസോഡുകൾ ആക്കി ഒ. റ്റി. റ്റി. വഴിയായും യൂട്യൂബ് വഴിയായും പ്രേക്ഷകരുടെ മുമ്പിൽ എത്തിക്കാൻ പോകുകയാണ്. ഇങ്ങനെ ചെയ്യുന്നത് പ്രോഗ്രാം നേരിട്ട് കാണാൻ സാധിക്കാത്തവർക്ക് കൂടി പ്രയോജനപ്പെടും എന്നതു കൊണ്ടു കൂടിയാണ്. സിനിമയുടെ വിശ്വജാലകം എന്ന് പേരിട്ടിരിക്കുന്ന ഈ പ്രോഗ്രാമിന് അങ്ങയുടെ ആശംസയും അനുഗ്രഹവും ആവശ്യമാണ്.

മധു : ഇതു വളരെ നല്ല ഒരു കാര്യമാണ്. കാരണം സിനിമയെ സ്നേഹിക്കുന്ന, സിനിമയെപ്പറ്റി അറിയാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും എല്ലായിടത്തും എത്തിപ്പെടാൻ സാധിക്കണമെന്നില്ലല്ലോ. അതുകൊണ്ടുതന്നെ സിനിമയെക്കുറിച്ചുള്ള പ്രോഗ്രാമുകളും പഠനങ്ങളും പുസ്തകരൂപത്തിലോ വിഷ്വൽ മീഡിയ വഴിയായോ സിനിമയെ സ്നേഹിക്കുന്നവരുടെയും സിനിമയെപ്പറ്റി പഠിക്കാൻ ആഗ്രഹിക്കുന്നവരുടെ മുന്നിൽ എത്തിക്കുക എന്നുള്ളത് ഒരു വലിയ സേവനമാണ്. അതു സിനിമയുടെ വളർച്ചയെ സഹായിക്കും. ഇത് സിനിമാപ്രേമികൾക്കും പഠിതാക്കൾക്കും പ്രേക്ഷകർക്കും ഒരു നല്ല വിഭവം ആയിരിക്കും എന്നുള്ള കാര്യത്തിൽ സംശയമില്ല. എല്ലാവിധ ആശംസകളും.



സാം ആന്റണി : ചെറുപ്പകാലത്ത് കണ്ട സിനിമകളിൽ ഏറ്റവും ഇഷ്ടപ്പെട്ട സിനിമ ഏതാണെന്ന് പറയാമോ?

മധു : മലയാള സിനിമ വളരെ കുറച്ചു മാത്രം വന്നിരുന്ന കാലഘട്ടത്തിൽ വന്ന ഒരു സിനിമയാണ് 'നല്ല തങ്കാൾ'. ഞാനന്ന് ഇന്റർ മീഡിയറ്റിനോ മറ്റോ പഠിക്കുകയാണ്. ഇന്നത്തെ പതിനൊന്നിലോ പന്ത്രണ്ടിലോ മറ്റോ. നല്ല തങ്കാൾ നാലഞ്ചു തവണ കണ്ടിട്ടുണ്ട്. പിന്നീട് ധാരാളം സിനിമകൾ വന്നുതുടങ്ങി.

അർപ്പണ : സാറിന്റെ സിനിമകളിൽ സാറിന് ഏറ്റവും ഇഷ്ടപ്പെട്ട സിനിമ ഏതാണ്?

മധു : ഞാൻ ചെയ്ത ഓരോ സിനിമകളും ഇഷ്ടപ്പെട്ടിട്ടു തന്നെയാണ് എടുത്തിട്ടുള്ളത്.

സാബു ശങ്കർ: സാർ ലക്ചർ ആയി നാഗർകോവിൽ കോളേജിൽ വർക്ക് ചെയ്യുന്ന സമയത്ത് സിനിമയും നാടകവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കണമെന്ന് തോന്നിയിട്ടുണ്ടോ?

മധു : ഞാൻ അന്നേ ഇൻവോൾഡ് ആയിരുന്നല്ലോ? തിരുവനന്തപുരത്തെ അമച്വർ നാടകവേദികളിൽ അഭിനയിക്കുകയും നാഗർകോവിലിൽ നാടകങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സാബു ശങ്കർ: സ്കൂൾ ഓഫ് ഡ്രാമയിലേക്ക് പോയ കാലഘട്ടത്തെക്കുറിച്ച്...?

മധു : സ്കൂൾ ഓഫ് ഡ്രാമ അന്നുവരെ ഇല്ലായിരുന്നു. അത് നിലവിൽ വന്നപ്പോൾ അഡ്മിഷനുള്ള പരസ്യം കണ്ടു. അഭിനയിക്കാനുള്ള മോഹം കൊണ്ട് അവിടെ ചേർന്നു. അവിടത്തെ ഫസ്റ്റ് ബാച്ചിലായിരുന്നു പഠനം.

സാം ആന്റണി : സാർ അഭിനയിച്ച നാടകങ്ങളുടെ പേര് ഓർയുണ്ടോ?

മധു : അഴിമുഖത്തേക്ക്, ദൈവം അല്പം താമസിച്ചു പോയി, ചോരയുടെ നിറമുള്ള പൂക്കൾ തുടങ്ങി കുറേയുണ്ട്.

സാം ആന്റണി : അങ്ങയുടെ സിനിമ ജീവിതം ഒരു പ്രത്യേക കാലഘട്ടമാണ്. സാറിന്റെ പ്രിയപ്പെട്ട സിനിമ ഏതാണ്?

മധു : അങ്ങനെ നോക്കിയാൽ ഒട്ടേറെ സിനിമകളുണ്ട്. പ്രത്യേകിച്ച് എടുത്തു പറയാനില്ല. എന്നെ ആകർഷിച്ചത് മലയാള സിനിമ വളരെ കുറവായിരുന്ന കാലത്ത് വന്ന 'നല്ല തങ്കയാൾ' എന്ന സിനിമ തന്നെ . അതുകഴിഞ്ഞ് വന്ന 'ജീവിതനൗക'യും കഥയും സംഭാഷണങ്ങളും അഭിനയവും കൊണ്ട് എന്നെ വല്ലാതെ ആകർഷിച്ചിട്ടുണ്ട്. അത് അനേക പ്രാവശ്യം കണ്ടു. ഇക്കാലത്തെ സിനിമകളിൽ ഒരു കാര്യം ശ്രദ്ധിച്ചു. മ്യൂസിക് ഡയലോഗിനെ വിഴുങ്ങി കളയുന്നു. പാട്ടുകൾ തന്നെ ശ്രദ്ധിച്ചു നോക്കിയാൽ പല പാട്ടുകളും വ്യക്തമല്ല. പത്തു പതിനഞ്ച് മിനിറ്റ് കഴിയുമ്പോൾ കഥ മനസ്സിലാകാത്ത അവസ്ഥയിൽ എത്തുന്നു. കഥാപാത്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

മനസ്സിലാകാത്ത തരത്തിൽ മ്യൂസിക്കിന് പ്രാധാന്യം കൊടുക്കുന്നത് കൊണ്ടുള്ള കുഴപ്പമാണത്.

അജി. എസ് : അന്നത്തെ പാട്ടുകളും ഇന്നത്തെ പാട്ടുകളും തമ്മിലുള്ള വ്യത്യാസം എന്താണ്?

മധു : നമുക്ക് ഇന്നത്തെ പാട്ടുകളെ കുറിച്ച് പറഞ്ഞാൽ മതിയല്ലോ?

അജി. എസ് : ഇന്ന് നല്ല പാട്ടുകളില്ലല്ലോ സാർ?

മധു : പാട്ടൊക്കെയുണ്ട്. ധാരാളമുണ്ട്.

അജി. എസ് : അപൂർവ്വം ചിലത് മാത്രമേ നല്ലതെന്ന് പറയാനുള്ളൂ.

സാബു ശങ്കർ : മെമ്മറബിൾ ആയ പാട്ടുകൾ...?

മധു : നിങ്ങൾ പറയുന്നത് നൂറിൽ പത്തു പാട്ടുകളെ കുറിച്ചാണ്. ഇപ്പോഴത്തെ പാട്ടുകളിൽ ആയിരത്തിൽ നൂറെണ്ണമെങ്കിലും നല്ലതു കാണും.

സാബു ശങ്കർ : പൊതുവേ നോക്കിയാൽ ഭാസ്കരൻ മാഷിൻറെയും വയലാറിന്റെ രചനകളിൽ ഗാനസാഹിത്യം ഉണ്ടല്ലോ. തനതായ കാവ്യബിംബങ്ങൾ.

മധു : ഇപ്പോഴത്തെ പാട്ടിൽ സാഹിത്യം ഇല്ല എന്ന് പറയുന്നില്ല. പക്ഷേ അത് വ്യക്തമാക്കാത്ത രീതിയിൽ സംഗീതം മുഴച്ചു നിൽക്കുന്നു എന്ന് മാത്രം.

സാം ആന്റണി : ഗാനരചനക്ക് പ്രാധാന്യം കൊടുക്കുന്നില്ല എന്ന് തോന്നുണ്ടോ?

മധു : പ്രാധാന്യമൊക്കെ കൊടുക്കുന്നുണ്ട്. പക്ഷേ അത്രത്തോളം നന്നായി വരുന്നില്ലായിരിക്കാം. എല്ലാവരും ഭാസ്കരൻ മാഷും വയലാറും ഒന്നുമല്ലല്ലോ. പിന്നെ ഇപ്പോൾ ശ്രീകുമാരൻതമ്പി ഉണ്ടല്ലോ? അദ്ദേഹത്തിന്റെ പാട്ടുകൾ വളരെ അർത്ഥവത്തായ രചനകൾ ആണ്. ഞാനൊരു പേര് പറഞ്ഞു എന്നേയുള്ളൂ. പലരുടെയും പാട്ടുകൾ വളരെ നല്ലതാണ്. നമ്മൾ കമ്പയർ ചെയ്യുന്നത് അന്നത്തെ കാലത്തെ ആയിരത്തിൽ പത്തു പടങ്ങൾ വച്ചിട്ടാണ്. അന്ന് പത്തു നല്ല സിനിമകൾ ഉണ്ടായിരുന്നു എങ്കിൽ ഇന്ന് നൂറു നല്ല സിനിമകൾ ഉണ്ട്.

വിനേഷ്. വി : പുതിയ ജനറേഷൻ സിനിമകളിലേക്ക്, അതായത് കാര്യസ്ഥൻ പോലുള്ള സിനിമകളിലൂടെ സാർ സജീവമായി വന്നിട്ടുണ്ടല്ലോ. പഴയതും പുതിയതുമായി കമ്പയർ ചെയ്യുമ്പോൾ സാറിന് തോന്നുന്നത് എന്താണ്?

മധു : ഞാൻ എല്ലാ സിനിമകളെയും ഒരേ രീതിയിൽ സമീപിക്കുന്നത് കൊണ്ട്

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

പഴയതും പുതിയതും തമ്മിൽ എനിക്ക് വ്യത്യാസം അനുഭവപ്പെട്ടിട്ടില്ല.

വിനേഷ്. വി. : സാറിന്റെ ചെറുപ്പകാലത്തിലുള്ള, അതായത് പഴയ കാലഘട്ടത്തിലുള്ള സിനിമകളുമായി കമ്പയർ ചെയ്യുമ്പോൾ?

മധു: പഴയ കാലഘട്ടം കഴിഞ്ഞ് അഞ്ചു വർഷം കഴിഞ്ഞ് അല്ലല്ലോ ഞാൻ പോയത്? ഞാൻ ഇപ്പോഴും സിനിമകൾ ചെയ്തു കൊണ്ടിരിക്കുകയല്ലേ? പിന്നെയുണ്ടായിട്ടുള്ളത് സാങ്കേതികമായ വ്യത്യാസങ്ങളാണ്. അന്നൊക്കെ വെയിലിന് നേരെ റിഫ്ലക്ടർ വച്ച് വെട്ടം കിട്ടാൻ ഉപയോഗിക്കുമായിരുന്നു. അതിനു പകരമായി ഇന്നത്തെ കാലത്ത് ലൈറ്റുകളാണ് ഉപയോഗിക്കുന്നത്. റിഫ്ലക്ടറും മറ്റും വയ്ക്കുന്നതുകൊണ്ട് ഉണ്ടാകുന്ന അധികമായ ചൂട് ഇപ്പോൾ സഹിക്കേണ്ടതില്ല. അങ്ങനെ സാങ്കേതികമായി പല വ്യതാസങ്ങളും വന്നിട്ടുണ്ട്.

സാബു ശങ്കർ : നവതി ആഘോഷിക്കുന്ന അങ്ങേയ്ക്ക് സന്തോഷവും ആരോഗ്യവും നേരുന്നു. നല്ല കഥാപാത്രം കിട്ടിയാൽ ഇനിയും അഭിനയിക്കുമോ?

മധു ചിരിച്ചു : നോക്കാം. നല്ല സ്ക്രിപ്റ്റും കഥാപാത്രവും വരട്ടെ.

തുടർന്ന് സാബു ശങ്കർ രചിച്ച സിനിമയുടെ സൗന്ദര്യശാസ്ത്രത്തിന് ഒരാമുഖം, ലേവ് കുലേഷോവ് ചലച്ചിത്ര പാണിനി, രൂപിമങ്ങൾ സ്വനിമങ്ങൾ സിനിമയുടെ രസദർശനങ്ങൾ , പാഥെർ പാഞ്ജലി തിരക്കഥ, ശിശിരനിദ്ര - നോവൽ , ഷെവലിയർ ഹൗസിലെ കൊറോണ രാത്രി - നോവൽ എന്നീ ഗ്രന്ഥങ്ങൾ സമ്മാനിച്ചു. മധു ഫിലിം ഫെസ്റ്റിവൽ പോസ്റ്റർ പദ്മശ്രീ മധു പ്രകാശനം നിർവഹിച്ചു . ഫിൽക്ക - സ്പാർക്ക് ടീമിനോടൊപ്പം ഫോട്ടോകൾക്ക് പോസ് ചെയ്തു. എല്ലാവർക്കും മധുരം വിളമ്പി. സന്തോഷത്തോടെ യാത്രയാക്കി.

• • •




കാർഷികാഭിവൃദ്ധിയും ഗ്രാമങ്ങളുടെ സമഗ്ര വികസനവും ലക്ഷ്യമാക്കി
അതിവേഗ വായ്പ സേവനങ്ങളുമായി മുന്നോട്ട്...
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും,
പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും കൂടി ചേർന്ന്
"നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി"
(ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി)
ആകർഷണീയമായ വ്യവസ്ഥയിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.
ആവശ്യമേതുമാകട്ടെ
കൃഷി • വ്യവസായം • ഭവനം • വ്യാപാരം • വാഹനം
സ്വർണ്ണപ്പണയം • ഫാം ടൂറിസം • വസ്തു വാങ്ങൽ
പ്രതിമാസ സമ്പാദ്യ പദ്ധതി • സ്ഥിര നിക്ഷേപ പദ്ധതി
• വിദ്യാഭ്യാസം • കിസാൻ സമൃദ്ധി
"ഗുഡ്പേ മാസ്റ്റർ"പദ്ധതി
കൃത്യമായ വായ്പ തിരിച്ചടവിന് പലിശ ഇളവ്....
➤ മിതവും സുതാര്യവുമായ പലിശനിരക്ക് ➤ സ്വീകാര്യമായ വ്യവസ്ഥകൾ ➤ നിക്ഷേപങ്ങൾക്ക് ആകർഷമായ പലിശനിരക്ക്
വായ്പകൾ താലൂക്കടിസ്ഥാനത്തിലുള്ള 77 പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴി
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം.
തിരുവനന്തപുരം, ഫോൺ: 0471-2460595
Web: www.keralalandbank.org E-mail: ho.cardbank@gmail.com
Administrator: Jothy Prasad.R
Managing Director: Parvathy Nair.K.L


MS COMPUTER SOLUTION
TRIVANDRUM VELLAYANI
PIN:695522
8281400883,7025031297
subashms1991@gmail.com
*Desktop & Laptop service
*LED,LCD Monitor service
*All software installing
*virus removal & data backup
*Networking & security.
*New & Used
computer, Laptop sales
*All computer laptop Accessories
on sit service
ATI
DELL
IBM
intel
NEC
SONY
acer
AMD
ASUS
ATI
TOSHIBA
VAIO
FUJITSU


www.kswdc.org
181
MITHRA
സാഹചര്യം ഏതുമാവട്ടെ
ഞങ്ങൾ ഉണ്ട് കൂടെ
വിളിക്കൂ...
181
ടോൾഫ്രീ നമ്പർ
സ്ത്രീ
സുരക്ഷ
ശാക്തീകരണം
24 മണിക്കൂറും സ്ത്രീകൾക്കായി പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ
കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ
(വനിതാശിശു വികസന വകുപ്പ്, കേരള സർക്കാർ)
she transcends
MWCD
Govt of India
വനിതാശിശു
വികസന വകുപ്പ്
കേരള സർക്കാർ

FILM VISION MONTHLY NOVEMBER 2023 RS. 2/ RNI-KER BIL/2002/8043

**Membership**


| | | |
|---|---|---|
| Annual | : | 300/ |
| Students | : | 150/ |
| Life-time | : | 2000 |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail:
filcakerala@gmail.com
Ph. 80890 36090

Kindly whatsapp payment image to 80890 36090

## ഫിൽക ഫിലിം സൊസൈറ്റി ധനശേഖരണാർത്ഥം പ്രസിദ്ധീകരിക്കുന്നത്




**13TH EDITION**

**സത്യജിത് റായ് യുടെ**

## പഥേർ പാഞ്ചാലി

തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും
കൂടുതൽ പതിപ്പുകളുള്ള
ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹. 290. **അംഗങ്ങൾക്ക് ₹. 200**

Buy Online from
www.peerbey.com

PeerBey.com
Shop Online

Chief Editor - Dr. B. Radhakrishnan.
Associate Editors - Jyothishkumar, Girija Surendran.
Web & Graphic Design - PeerBey Software, Thrissur.
Circulation - Vinodkumar P.
PRO - Meril P.
Editor and Publisher - Sabu Sankar , General Secretary, FILCA, PB 2224
Trivandrum -10. Kerala.